# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 11 | THE ONLINE OFFICIAL NEWS BULLETTIN | 2019 March 16


വലിയ നോമ്പുകാലം | SEASON OF GREAT LENT

| ܚܕܒܫܒܐ SUNDAY | ܬܪܝܢܒܫܒܐ MONDAY | ܬܠܬܒܫܒܐ TUESDAY | ܐܪܒܥܒܫܒܐ WEDNESDAY | ܚܡܫܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
|  ♪3 17 hadbšabo d Mshri'o (Paralytic) 3rd Sunday of Great Lent 57th Memorial of Paulose Mar Severios Metropolitan (Kunnamkulam Arthat Puthen Palli) | ♪7 18 |  ♪3 19 89th Memorial of Sleeba Mar Osthathios Metropolitan (Kunnamkulam Arthat Puthen Palli) | ♪7 20 | ♪3 21 |  ♪7 22 134th Memorial of Konattu Geevarghese Mar Julios Metropolitan (Pampakuda) | ♪3 23 |

## മന്ത്രിസഭാ ഉപസമിതിയോട് സഹകരിക്കുകയില്ല: ഓർത്തഡോക്സ് സഭ

കോട്ടയം: മന്ത്രിസഭാ ഉപസമിതിയുമായി ചർച്ചയ്ക്ക് എത്തണമെന്നു മന്ത്രി ഇ. പി. ജയരാജന്റെ ഓഫിസിൽ നിന്നു ഫോണിൽ അറിയിച്ചിരുന്നുവെന്നും രേഖാമൂലം അറിയിച്ചാൽ ഔദ്യോഗിക മറുപടി നൽകാമെന്നു വ്യക്തമാക്കിയിട്ടുണ്ടെന്നും ഓർത്തഡോക്സ് സഭ അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ അറിയിച്ചു. സുപ്രീംകോടതി വിധി നടപ്പാക്കാനുള്ള ബാധ്യത സർക്കാരിനുണ്ടെന്നും അങ്ങനെ നടപ്പാക്കുമ്പോൾ മറ്റു കാര്യങ്ങൾ ആലോചിക്കാമെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം, മന്ത്രിസഭാ ഉപസമിതി യോഗത്തിൽ യോഗത്തിൽ പങ്കെടുക്കില്ലെന്ന് ഓർത്തഡോക്സ് സഭാ വക്താവ് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് അറിയിച്ചു. കോടതി വിധി നടപ്പാക്കുക മാത്രമാണു ചെയ്യേണ്ടത്. അത് എങ്ങനെ നടപ്പാക്കണമെന്നുള്ളതു സർക്കാരിനു തീരുമാനിക്കാമെന്നും അദ്ദേഹം പറഞ്ഞു.

## കോടതിവിധി നടപ്പാക്കാൻ ബാധ്യത: ഓർത്തഡോക്സ് സഭ

കോട്ടയം: കട്ടച്ചിറ സെന്റ് മേരീസ്, വരിക്കോലി സെന്റ് മേരീസ് പള്ളികളെ സംബന്ധിച്ച ഹൈക്കോടതി ഉത്തരവോടെ ഈ പള്ളികളുടെയും ഭരണം ഓർത്തഡോക്സ് സഭയുടെ 1934 ലെ ഭരണഘടന അനുസരിച്ചു നടത്തുന്നതിനുള്ള സാഹചര്യമാണുള്ളതെന്ന് ഓർത്തഡോക്സ് സഭ അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ.

കോടതിവിധികൾ നടപ്പാക്കാൻ സർക്കാരിനു നിയമപരമായ ബാധ്യതയുണ്ടെന്നും അതു നിറവേറ്റാൻ നടപടിയെടുക്കുകയാണു വേണ്ടതെന്നും അസോസിയേഷൻ സെക്രട്ടറി പറഞ്ഞു.

## പ്രസ്താവന സ്വാഗതം ചെയ്തു

കോട്ടയം: അനുകൂലമായ കോടതിവിധികൾ ഉണ്ടായിട്ടും നീതി നിഷേധിക്കപ്പെടുന്ന ഓർത്തഡോക്സ് സഭയ്ക്ക് ഒപ്പമുണ്ടാകുമെന്ന ബിജെപി സംസ്ഥാനാധ്യക്ഷൻ പി.എസ്.ശ്രീധരൻപിള്ളയുടെ നിലപാട് ഓർത്തഡോക്സ് സഭ സ്വാഗതം ചെയ്തു. സഭാതർക്കത്തിൽ ഓർത്തഡോക്സ് സഭയുടെ പക്ഷത്താണു ന്യായമുള്ളത് എന്ന സുപ്രീംകോടതി വിധികൾ പരിഗണിച്ചു നടത്തിയ പ്രസ്താവന യാഥാർഥ്യബോധത്തോടെയുള്ളതും അഭിനന്ദനാർഹവുമാണെന്നു സഭ വിലയിരുത്തി.




## മാർ ഒസ്താത്തിയോസ് ജന്മശതാബ്ദി കെട്ടിടം ഉദ്ഘാടനം ചെയ്തു

യാച്ചാരം: സെൻറ് ഗ്രീഗോറിയോസ് ബാലഗ്രാമിനോടു ചേർന്ന് പ്രവർത്തിക്കുന്ന സ്ക്കൂളിനു വേണ്ടി നിർമ്മിച്ച ഗീവർഗീസ് മാർ ഒസ്താത്തിയോസ് ജന്മശതാബ്ദി കെട്ടിടത്തിന്റെ ഉദ്ഘാടനം പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. മിഷൻ ബോർഡ് പ്രസിഡൻറ് ഡോ. യൂഹാനോൻ മാർ തേവോദോറോസ് അദ്ധ്യക്ഷത വഹിച്ചു.

ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കാഴ്ച്ചപ്പാടുകളെയും പ്രവർത്തനങ്ങളയും ബാവ തിരുമേനി പ്രകീർത്തിച്ചു. ഫിലിപ്പ് റമ്പാച്ചൻ ഇനിയും 'സഭാ മിഷനറി ജ്യോതിസ് എന്ന പേരിൽ അറിയപ്പെടും എന്ന പ. കാതോലിക്കാ ബാവായുടെ പ്രഖ്യാപനം വലിയ കരഘോഷത്തോടെയാണ് വിശ്വാസികൾ സ്വീകരിച്ചത്.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ബാലഗ്രാം ഡയറക്ടർ കെ. ഐ. ഫിലിപ്പ് റമ്പാൻ, സിൽവാനോസ് റമ്പാൻ, വൈദിക ട്രസ്റ്റി ഫാ. ഡോ. എം.ഓ ജോൺ, തെലങ്കാന മുഖ്യമന്ത്രിയുടെ ഓഫീസ് ഓൺ സ്പെഷ്യൽ ഡ്യൂട്ടി പ്രിയങ്ക വർഗീസ്, തെലങ്കാന ചീഫ് അക്കൗണ്ട്സ് ജനറൽ റബേക്ക മത്തായി, ഡൽഹി സെൻറ് സ്റ്റീഫൻസ് കോളജ് പ്രിൻസിപ്പൽ ഡോ. ജോൺ വർഗീസ്, ജനറൽ കൺവീനർ തോമസ് ജോൺ എന്നിവർ പ്രസംഗിച്ചു.



**മലങ്കര സഭ പ്രളയദുരിതാശ്വാസ സഹായ നിധിയുടെ അങ്കമാലി ഭദ്രാസനത്തിലെ വിതരണത്തിന്റെ ഉത്ഘാടനം ഭദ്രാസന അധിപൻ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത നിർവഹിച്ചു. ജോഷ്വ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ സന്നിഹിതനായിരുന്നു**

ആരാധനാ കലണ്ടർ

# 'മകനെ നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു; എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക"



### ഡോ. ഗീവർഗീസ് മാർ യൂലിയോസ്

രക്ഷാകരമായ വി. വലിയനോമ്പിന്റെ ആദ്യ രണ്ട് ആഴ്ചകൾ നാം പിന്നിട്ടിരിക്കുന്നു; ദൈവത്തെ സ്തുതിക്കാം. രൂപാന്തരപ്പെടുത്തുന്ന കർത്താവ് കുഷ്ഠത്താൽ രൂപഭാവം വികൃതമായ അവസ്ഥയിൽ നിന്നും നമ്മെ കോരിയെടുത്ത് ശുദ്ധീകരിച്ചിരിക്കുന്നു. തുടർന്ന് പാപത്താൽ വീണ് തളർന്ന് തകർന്ന് കിടക്കുന്നവനെ താങ്ങി എഴുന്നേൽപിക്കുന്ന രംഗമാണ് ഈ ഞായറാഴ്ചയിൽ നാം ധ്യാനിക്കുന്നത്.

നമ്മുടെ ശരീരത്തിന്റെ ബലഹീനതകളെ അവൻ സൗഖ്യപ്പെടുത്തുന്നതിനോടൊപ്പം തന്റെ ഉപദേശങ്ങളാലും പ്രവൃത്തികളാലും നന്മയിൽ വളരുവാൻ അവൻ നമ്മെ ബോധവൽക്കരിക്കുകയും നിരന്തരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട് എന്ന് ഓർക്കണം. "നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ സ്നേഹിപ്പിൻ, നിങ്ങളെ പകെക്കുന്നവർക്ക് ഗുണം ചെയ്‌വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ... ചോദിക്കുന്നവന് കൊടുപ്പിൻ, അപ്പോൾ നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും" എന്ന വലിയ പ്രമാണം അവൻ കൽപിക്കുന്നത് നാം പോയവാരത്തിൽ ശ്രവിച്ചു (ലൂക്കോ. 6:27-36). മറ്റുള്ളവരെ വിധിക്കുന്നതിനു പകരം സ്വന്തം കുറവുകളെ കണ്ടെത്തി അതിൽ നിന്നും വിമുക്തി പ്രാപിക്കുവാനും അവൻ നമ്മെ ഉപദേശിക്കുന്നു.

ദൈവവചനം ശ്രദ്ധയോടെ കേൾക്കുകയും ഗ്രഹിക്കുകയും അതിൻപ്രകാരം ജീവിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യവും അവൻ ഓർമ്മിപ്പിക്കുന്നുണ്ട്. വചനപ്രകാരം ജീവിക്കാത്തവന് ദൈവരാജ്യത്തിൽ അവകാശവും ഓഹരിയും ഇല്ല എന്നും വ്യക്തമാക്കുന്നുണ്ട് (മർക്കോ. 4:21-34).

'ആർ വലിയവൻ' എന്ന ചോദ്യം ഇന്നത്തെപ്പോലെ കർത്താവിന്റെ ജീവിതകാലത്തും അവന്റെ ശിഷ്യന്മാരുടെ ഇടയിലും ഉണ്ടായിരുന്നുവെന്ന് അറിയാമല്ലോ. അരികെ നിന്ന ഒരു ശിശുവിനെ വിളിച്ച് നിർത്തി അവനെ ചൂണ്ടികാണിച്ചുകൊണ്ട് കർത്താവ് കൽപിച്ചു. "നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ലായെന്നു ഞാൻ സത്യമായും നിങ്ങളോട് പറയുന്നു." നമ്മുടെ സ്വാർത്ഥതയിലും അഹന്തയിലും നിന്ന് നാം തന്നെ മനക്കോട്ട കെട്ടിയിരിക്കുന്ന നമ്മുടെ സ്വർഗ്ഗരാജ്യങ്ങൾ സത്യത്തിൽ നമ്മെ എത്തിക്കുന്നത് ഭീകര നരകാവസ്ഥയിലാണെന്ന് പലപ്പോഴും നാം മനസ്സിലാക്കുമ്പോഴേക്കും എഴുന്നേൽക്കുവാൻ സാധിക്കാത്ത അത്രയും വലിയ പതനത്തിൽ നാം ആയികഴിഞ്ഞിട്ടുണ്ടാകാം. ആയതിനാൽ ഈ നോമ്പുകാലത്ത് 'കർത്താവെ നിന്റെ പ്രമാണങ്ങളിൽ നിന്നും പഠിക്കുവാൻ എന്നെ സഹായിക്കണമെ' എന്ന് നിരന്തരം പ്രാർത്ഥിക്കുവാൻ നമുക്ക് ഇടയാകണം.

'പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ' എന്ന് അപേക്ഷിക്കുന്ന ശിഷ്യന്മാരെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...." എന്ന അർത്ഥവത്തായ പ്രാർത്ഥന കർത്താവ് പഠിപ്പിക്കുന്ന ഭാഗങ്ങളും നാം ധ്യാനിച്ചു. നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ച ഈ പ്രാർത്ഥന ദിവസവും അനേക ആവർത്തി ആത്മാർത്ഥമായി ശ്രദ്ധയോടെ പ്രാർത്ഥിക്കുവാൻ ഓരോ ക്രിസ്ത്യാനിക്കും ചുമതലയുണ്ട്. ഒപ്പം ഈ പ്രാർത്ഥന ചൊല്ലാത്തവൻ പിശാചിനാൽ ബന്ധിക്കപ്പെട്ടവനും അന്ത്യക്രിസ്തുവിന്റെ സ്നേഹിതനുമാണ് എന്ന് വിശ്വാസികൾ അറിയണം. കർത്താവ് നേരിട്ട് പഠിപ്പിച്ചത് പ്രമാണിക്കാത്തവൻ പിശാചിന്റെ സന്തതി എന്ന് പറയേണ്ടതില്ലല്ലോ. തിന്നരുത് എന്ന് കൽപിച്ചപ്പോൾ തിന്നുകയും പാപത്തിൽ മരിക്കുകയും ചെയ്തവനിൽ നിന്നും ഈ കൂട്ടർക്കും വ്യത്യാസമൊന്നുമില്ല എന്നും അവർ ദൈവത്താൽ ശപിക്കപ്പെട്ടവരായിരിക്കുമെന്നും ഓർക്കണം. അത്തരത്തിലുള്ള പിശാചുക്കളുടെ വലകളിലും തന്ത്രങ്ങളിലും ദൈവമക്കൾ പെട്ടുപോകാതിരിക്കുവാൻ നോമ്പും വ്രതവും എടുക്കുന്നവർ പ്രത്യേകം പ്രാർത്ഥിക്കുകയും വഴിതെറ്റുന്നവരെ വെറുക്കുന്നതിനു പകരം അവരെ തിരിയെ കൊണ്ടുവരുവാൻ പരിശ്രമിക്കുകയും ചെയ്യണം.

ദൈവരാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും കാത്തിരിക്കുകയും വേണം. ദൈവേഷ്ടം മാത്രം പ്രവർത്തിക്കുന്നവരായി നാം രൂപാന്തരപ്പെടണം. കടക്കാരോട് ക്ഷമിക്കുവാൻ നമുക്ക് കഴിയണം. പരീക്ഷണങ്ങളെ അതിജീവിക്കുവാനുള്ള ശക്തിക്കായി എപ്പോഴും അപേക്ഷിക്കണം. രാജ്യവും ശക്തിയും മഹത്വവും സ്രഷ്ടാവായ ദൈവത്തിന്റേതാകുന്നുവെന്ന് അറിയുന്നവന് മാത്രമെ നന്മയിൽ താഴ്മയോടെ വളരുവാൻ കഴിയൂ (ലൂക്കോ. 11:1-13).

ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെയും ഒരുപാട് ആഴമുള്ള ആശയങ്ങൾ കർത്താവ് നമ്മെ പഠിപ്പിക്കുന്നതും നാം ശ്രവിച്ചു. ധനവാന്റെ സ്വയംകൃതമായ സ്വർഗ്ഗം ക്ഷണികവും അവനെ കാത്തിരിക്കുന്നത് നിത്യനരകവുമാണ്; എന്നാൽ ദരിദ്രനായിരുന്ന ലാസറിന്റെ നരകം നശ്വരമായ ഈ ലോകത്തിൽ വച്ച് അവസാനിക്കുകയും തുടർന്ന് അവൻ അബ്രഹാം പിതാവിന്റെ മടിയിൽ ഇരിക്കുന്ന ആ അവസ്ഥയിൽ ആവുകയും ചെയ്യുന്നു. അയഥാർത്ഥമായതും ദ്രവ്യമായ വസ്തുക്കളെ ആശ്രയിക്കുന്നതുമായ അവസ്ഥയുടെ അർത്ഥശൂന്യതയെകുറിച്ച് അതിശക്തമായ വാക്കുകളിലൂടെയാണ് കർത്താവ് നമ്മെ പഠിപ്പിക്കുന്നത്; ഒടുവിൽ "കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന നിദർശനവും തരുന്നു.

ചുരുക്കത്തിൽ സ്വർഗ്ഗീയ പിതാവിന്റെ സൽഗുണപൂർണ്ണതയിലേക്ക് നമ്മെ ക്ഷണിക്കുന്നതും ആഹ്വാനം ചെയ്യുന്നതുമാണ് അവന്റെ പഠിപ്പിക്കലുകളുടെ രത്നചുരുക്കം.

വി. നോമ്പിന്റെ മൂന്നാം ആഴ്ചയിൽ തളർവാതരോഗികളെയാണ് നാം കർത്താവിന്റെ മുന്നിൽ കാണുന്നത്. മുപ്പത്തെട്ടു വർഷമായി രോഗസൗഖ്യത്തിനായി കാത്തിരുന്ന ഒരു മനുഷ്യന്റെ മുന്നിൽ കർത്താവ് എത്തുന്നു. 'സൗഖ്യമാകുവാൻ നിനക്കു മനസ്സുണ്ടോ' എന്ന അവനോടുള്ള ചോദ്യം നമ്മുടെ ഉള്ളിലേക്കും പ്രവേശിക്കേണ്ടതുണ്ട്. പാപത്തിലും രോഗത്തിലും പഴകുമ്പോൾ ഒരു പക്ഷേ അതിൽതന്നെ രമിക്കുവാനുള്ള ഒരു നാശകരമായ ആവേശം നമ്മിൽ ഉണ്ടാകാം. രക്ഷപ്പെടണമെന്ന് ആഗ്രഹമുള്ളവനെ രക്ഷിക്കുവാൻ എളുപ്പമാണ്; മറിച്ച് ചിന്തിക്കുന്നവനെ ഒരുപക്ഷേ ദൈവത്തിനുപോലും രക്ഷിക്കുവാൻ സാധിക്കാതെ വന്നേക്കാം!

രക്ഷകന്റെ സാന്നിധ്യം അറിഞ്ഞ് അവന്റെ സമീപത്തേക്ക് നാലാളുകൾ ചേർന്ന് ഒരു പക്ഷവാതരോഗിയെ എത്തിക്കുന്ന ഭാഗം ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. നമ്മിൽ തളർന്നും പ്രതിസന്ധിയിലും കിടക്കുന്നവനെ കർത്താവിന്റെ അടുക്കൽ എത്തിക്കുവാനുള്ള വലിയ ഉത്തരവാദിത്തത്തിൽ നിന്നും നമുക്ക് ഒളിച്ചോടുവാൻ കഴിയുകയില്ല. ഒരു വീടിന്റെ മേൽക്കൂര പൊളിച്ചുമാറ്റിയാണ് കട്ടിലോടെ അവനെ കർത്താവിന്റെ മുന്നിൽ എത്തിക്കുന്നത്. എന്റെ വീടോ സുഖസൗകര്യങ്ങളോ തൽക്കാലത്തേക്ക് നഷ്ടപ്പെട്ടാലും ഒരുവനെ രക്ഷിക്കുവാനുള്ള ഉത്തരവാദിത്വം എനിക്കുണ്ട് എന്ന് തോന്നുമ്പോഴാണ് നാം അൽപമെങ്കിലും നന്മയുള്ള മനുഷ്യനായിതീരുന്നത്.

"സ്നേഹത്താൽ ഞങ്ങളുടെ അടുക്കലേക്ക് സ്വയമേ പുറപ്പെട്ടുവരികയും ഞങ്ങളുടെ മുറിവുകളെ സുഖപ്പെടുത്തുകയും ചെയ്യുന്ന സ്വർഗ്ഗീയ വൈദ്യനും, വെടിപ്പാക്കുന്ന സോപ്പായാൽ ഞങ്ങളുടെ പാപകറകളെ നീക്കുന്ന കരുണാവാരിധിയുമായ ദൈവമെ!" എന്നാണ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെ നാം സംബോധന ചെയ്യുന്നത്. ഇത് ക്രിസ്തു നമുക്ക് അനുവദിച്ചു തന്ന പ്രത്യേക അവകാശമാണ് എന്ന് മറക്കരുത്. മറ്റ് പല മതവിശ്വാസികൾക്കും ദൈവം മനുഷ്യനാകുന്ന അവസ്ഥയെ കുറിച്ച് ചിന്തിക്കുന്നതുപോലും അപ്രാപ്യമായിരിക്കെ നമുക്ക് അവൻ നമ്മുടെ മുറിവുകളെ സൗഖ്യപ്പെടുത്തുന്നവനും കണ്ണുനീരിനെ തുടയ്ക്കുന്നവനും തളർന്നവനെ താങ്ങുന്നവനുമായി കൂട്ടു

ലഭിക്കുന്നു. ഒടുവിൽ അവൻ നമുക്കായി യാഗം ചെയ്യപ്പെട്ട് തന്റെ ശരീരവും രക്തവും നൽകി ജീവൻ തരുന്നു! യുക്തികൊണ്ട് വിവേചിക്കുവാൻ സാധിക്കാത്ത തന്റെ മനുഷ്യാവതാര രഹസ്യത്തെ, ഹൃദയനേത്രങ്ങൾ കൊണ്ട് വിശ്വാസമെന്ന ഉപകരണത്താൽ മനസ്സിലാക്കുവാനുള്ള ശ്രമമാണ് ഈ ദിവസങ്ങളിലെ ആത്മീയ പ്രഘോഷണങ്ങളായ സെദറാകളിൽ കാണുന്നത്.

ദൈവത്തിന് എന്തെങ്കിലും ബലഹീനതയുണ്ടോ? എന്ന ചോദ്യത്തിന് പൗരസ്ത്യ പിതാക്കന്മാർ നൽകുന്ന ഉത്തരം ഉണ്ട്, മനുഷ്യരോടുള്ള സ്നേഹം ദൈവത്തിന്റെ ബലഹീനതയാണ് എന്നാണ്. തന്റെ രൂപത്തിലും സാദൃശ്യത്തിലും അവനെ സൃഷ്ടിക്കുകയും അവന് വിവേചനബുദ്ധി നൽകുകയും സൃഷ്ടിയുടെ നായകസ്ഥാനത്ത് അവനെ നിർത്തുകയും അവൻ തെറ്റു ചെയ്തപ്പോഴും അവനെ നിത്യനരകത്തിൽ വിടുന്നതിനു പകരം അവനോട് അനുതപിക്കുകയും അവന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമായി സ്വർഗ്ഗം വിട്ട്, ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ, ദാസവേഷം പൂണ്ട് വേഷത്തിൽ മനുഷ്യനായി അവന്റെ ഇടയിൽ വസിക്കുകയും അവനെ ശുശ്രൂഷിക്കുകയും ഒടുവിൽ അവന് വേണ്ടി കഷ്ടം അനുഭവിച്ച്, മരിച്ച് അടക്കപ്പെടുകയും തന്റെ തന്റെ പുനരുത്ഥാനത്താൽ അവന് പുനരുത്ഥാനവും ജീവനും നിത്യരക്ഷയും നൽകുകയും ചെയ്യുന്നു.

തന്റെ സൃഷ്ടിയുടെ ബലഹീന അവസ്ഥയിൽ സ്വർഗ്ഗം ചായിച്ച് അവനിലേക്ക് ഇറങ്ങിവന്ന് അവനെ ശക്തിപ്പെടുത്തി താങ്ങി എഴുന്നേൽപിച്ച് കൈപിടിച്ച് നടത്തുന്ന ആ ദൈവസ്നേഹം നമ്മെയും നമ്മുടെ സകല ബലഹീനതകളിൽ നിന്നും വിടുവിച്ച് നടത്തുമാറാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. വി. നോമ്പിന്റെ തുടർദിനങ്ങൾ അവന്റെ കൃപയിൽ കൂടുതലായി വളരുവാൻ നമ്മെ സഹായിക്കട്ടെ!

❑

# മലങ്കരസഭ: പ്രവർത്തനാധികാരം 1934–ലെ സഭാ ഭരണഘടന പ്രകാരം നിയമിക്കപ്പെട്ടവർക്ക്

കൊച്ചി: ഓർത്തഡോക്സ് സഭ പിന്തുടരുന്ന 1934ലെ സഭാ ഭരണഘടന അനുസരിച്ചുള്ള മലങ്കര അസോസിയേഷൻ മാനേജിങ് കമ്മിറ്റിയുടെ പ്രമേയ പ്രകാരം നിയമിക്കപ്പെട്ട മെത്രാപ്പൊലീത്ത, വികാരി, വൈദികർ എന്നിവർക്കാണു മലങ്കര സഭയിൽ പ്രവർത്തനാധികാരമെന്ന് ഹൈക്കോടതി. അതേസമയം, പള്ളി സെമിത്തേരികളിൽ ഇടവകാംഗങ്ങൾക്കെല്ലാം സംസ്കാരത്തിന് അവകാശമുണ്ട്. സംസ്കാരത്തോടനുബന്ധിച്ചു പള്ളിയിലോ സെമിത്തേരിയിലോ നടത്തേണ്ട ശുശ്രൂഷകൾ വേണ്ടെന്നു വച്ച് മറ്റെവിടെയെങ്കിലും താൽപര്യമുള്ള പുരോഹിതനാൽ ശുശ്രൂഷകൾ നടത്തിയാലും ഈ അവകാശം നിഷേധിക്കാനാവില്ലെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

1934ലെ ഭരണഘടന അനുസരിച്ചു നിയമിക്കപ്പെട്ട ഓർത്തഡോക്സ് സഭാ വികാരിമാർക്കു പ്രവർത്തിക്കാൻ പൊലീസ് സംരക്ഷണം തേടുന്ന ഹർജികൾ പരിഗണിച്ചാണ് ചീഫ് ജസ്റ്റിസ് ഹൃഷികേശ് റോയ്, ജസ്റ്റിസ് എ. കെ. ജയശങ്കരൻ നമ്പ്യാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. ഒരു പള്ളിയിൽ യാക്കോബായ സഭയോടു വിധേയത്വമുള്ള ഇടവകാംഗങ്ങൾക്കു സംസ്കാരം അനുവദിക്കുന്നില്ലെന്ന തർക്കവും പരിഗണിച്ചു.

2001ലെ സുപ്രീംകോടതി വിധിയെത്തുടർന്നു മലങ്കര അസോസിയേഷൻ യോഗം ചേർന്ന് തിരഞ്ഞെടുത്ത മാനേജിങ് കമ്മിറ്റി പ്രമേയത്തിലൂടെ മെത്രാപ്പൊലീത്തമാരെയും വികാരിമാരെയും വൈദികരെയും അംഗീകരിച്ചിരുന്നു. അതേസമയം, ഇടവകപ്പള്ളികളുടെ സ്വത്ത് ഉൾപ്പെട്ട സഭാ സ്വത്തുക്കൾ ഗുണഭോക്താക്കൾക്കായി എന്നും നിലനിൽക്കും. ഭൂരിപക്ഷത്തിന്റെ പേരിലായാലും ആർക്കും ഉടമസ്ഥത അവകാശപ്പെടാനോ പിടിച്ചെടുക്കാനോ സാധിക്കില്ല. ആ നിലയ്ക്ക് ഇടവകാംഗങ്ങൾക്കു സംസ്കാരത്തിനും അവകാശമുണ്ട്. ഇടവകക്കാരനായി തുടരുന്നിടത്തോളം പാത്രിയർക്കീസിനെ അംഗീകരിക്കുന്നുവെന്നോ യാക്കോബായ സഭയോടു ചായ്‌വുണ്ടെന്നോ പറഞ്ഞ് ആർക്കും സംസ്കാരം നിഷേധിക്കാനാവില്ലെന്നു കോടതി വ്യക്തമാക്കി.

1934ലെ ഭരണഘടന അനുസരിച്ചു നിയമിക്കപ്പെട്ട ഓർത്തഡോക്സ് സഭാ വികാരിമാർക്കു പ്രവർത്തിക്കാൻ പൊലീസ് സംരക്ഷണം തേടുന്ന ഹർജികൾ പരിഗണിച്ചാണ് ചീഫ് ജസ്റ്റിസ് ഹൃഷികേശ് റോയ്, ജസ്റ്റിസ് എ. കെ. ജയശങ്കരൻ നമ്പ്യാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. ഒരു പള്ളിയിൽ യാക്കോബായ സഭയോടു വിധേയത്വമുള്ള ഇടവകാംഗങ്ങൾക്കു സംസ്കാരം അനുവദിക്കുന്നില്ലെന്ന തർക്കവും പരിഗണിച്ചു.

2001ലെ സുപ്രീംകോടതി വിധിയെത്തുടർന്നു മലങ്കര അസോസിയേഷൻ യോഗം ചേർന്ന് തിരഞ്ഞെടുത്ത മാനേജിങ് കമ്മിറ്റി പ്രമേയത്തിലൂടെ മെത്രാപ്പൊലീത്തമാരെയും വികാരിമാരെയും വൈദികരെയും അംഗീകരിച്ചിരുന്നു. അതേസമയം, ഇടവകപ്പള്ളികളുടെ സ്വത്ത് ഉൾപ്പെട്ട സഭാ സ്വത്തുക്കൾ ഗുണഭോക്താക്കൾക്കായി എന്നും നിലനിൽക്കും. ഭൂരിപക്ഷത്തിന്റെ പേരിലായാലും ആർക്കും ഉടമസ്ഥത അവകാശപ്പെടാനോ പിടിച്ചെടുക്കാനോ സാധിക്കില്ല. ആ നിലയ്ക്ക് ഇടവകാംഗങ്ങൾക്കു സംസ്കാരത്തിനും അവകാശമുണ്ട്. ഇടവകക്കാരനായി തുടരുന്നിടത്തോളം പാത്രിയർക്കീസിനെ അംഗീകരിക്കുന്നുവെന്നോ യാക്കോബായ സഭയോടു ചായ്‌വുണ്ടെന്നോ പറഞ്ഞ് ആർക്കും സംസ്കാരം നിഷേധിക്കാനാവില്ലെന്നു കോടതി വ്യക്തമാക്കി.

### പിറവം സെന്റ് മേരീസ് പള്ളി

പ്രശ്നപരിഹാരം ആവശ്യപ്പെട്ടുള്ള നിവേദനത്തിൽ നടപടിക്കു നിർദേശിക്കണം എന്നാവശ്യപ്പെട്ട് യാക്കോബായ സഭാംഗങ്ങൾ സമർപ്പിച്ച ഹർജിയാണു പരിഗണിച്ചത്. രമ്യമായ തീർപ്പിനു ശ്രമം നടക്കുകയാണെന്നും ഇരു സഭാ നേതൃത്വത്തെയും ചർച്ചയ്ക്കു കൊണ്ടുവരാൻ മുഖ്യമന്ത്രി മുഖേന ശ്രമം നടത്തുന്നുണ്ടെന്നും സ്റ്റേറ്റ് അറ്റോർണി അറിയിച്ചു. പ്രശ്ന പരിഹാരത്തിനു സർക്കാർ ശ്രമം നടത്തുന്ന സാഹചര്യത്തിൽ കൂടുതൽ നിർദേശങ്ങൾക്കു മുതിരുന്നില്ലെന്നു കോടതി വ്യക്തമാക്കി.

### കട്ടച്ചിറ സെന്റ് മേരീസ് പള്ളി

പൊലീസ് സംരക്ഷണം ആവശ്യപ്പെട്ട് ഓർത്തഡോക്സ് സഭാ വികാരി നൽകിയ ഹർജിയാണു പരിഗണിച്ചത്. ഫാ. ജോൺസ് ഈപ്പനെ മാത്രമാണ് 1934ലെ സഭാ ഭരണഘടനയനുസരിച്ചു മെത്രാപ്പൊലീത്ത വികാരിയായി നിയമിച്ചതെന്നു കോടതി വ്യക്തമാക്കി. നിലവിൽ സമാധാനാന്തരീക്ഷമാണ് ഉള്ളതെന്നു വിലയിരുത്തിയ കോടതി ഹർജി തീർപ്പാക്കി. കോടതി ഉത്തരവു ലംഘിക്കപ്പെടുകയോ പള്ളിപ്പരിസരങ്ങളിൽ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുകയോ ചെയ്താൽ പൊലീസ് സംരക്ഷണം തേടാം. കോടതി നിരീക്ഷണങ്ങൾ മാനിച്ചു കൊണ്ടു പൊലീസ് നടപടിയെടുക്കണം.

### വരിക്കോലി സെന്റ് മേരീസ് പള്ളി

ഓർത്തഡോക്സ് സഭാ വികാരിക്കും ഇടവകാംഗങ്ങൾക്കും ചാപ്പൽ, സെമിത്തേരി ഉൾപ്പെടെ പള്ളിവക വസ്തുക്കൾക്കും സംരക്ഷണം ആവശ്യപ്പെട്ടായിരുന്നു ഹർജി. വികാരിയുടെ പ്രവർത്തനവും സംസ്കാരത്തിന് ഇടവകാംഗങ്ങൾക്കുള്ള അവകാശവും സംബന്ധിച്ചു വ്യക്തത വരുത്തിയ സാഹചര്യത്തിൽ പൊലീസ് സംരക്ഷണത്തിനു പ്രത്യേകം ഉത്തരവിടുന്നില്ലെന്നു കോടതി പറഞ്ഞു.

ക്രമസമാധാന പ്രശ്നങ്ങളുണ്ടായാൽ പൊലീസ് സഹായം തേടാം. പൊലീസ് നടപടിയെടുക്കണം.

സഭാപിതാക്കന്മാർ

# പൗലോസ് മാർ സേവേറിയോസ് (1910–1962)



കൊച്ചി ഭദ്രാസനത്തിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്ത. കണ്ടനാട് ഭദ്രാസനത്തിലെ ചെറായി വലിയ പള്ളി ഇടവകയിൽ മുളയിരിക്കൽ കുഞ്ഞിട്ടൂപ്പിന്റെയും എളിച്ചിയുടെയും പുത്രനായി 1910 നവംബർ 6-നു ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കോതമംഗലത്ത് എം.റ്റി. ഇട്ടീരാമല്പാനിൽ നിന്ന് സുറിയാനിയും വിശ്വാസസത്യങ്ങളും അഭ്യസിച്ചു. 1926-ൽ പൗലോസ് മാർ അത്തനാസ്യോസ് തിരുമേനിയിൽ നിന്ന് ശെമ്മാശുപട്ടവും 1930-ൽ വൈദികപട്ടവും 1934 ആഗസ്റ്റ് 19-ാം തീയതി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. 1939-ൽ കൊരട്ടി സീയോൻ ആശ്രമം സ്ഥാപിച്ചു. 1946 ഓഗസ്റ്റ് 4-ന് പ. അപ്രേം പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ പൗലോസ് മാർ സേവേറിയോസ് എന്ന പേരിൽ പാത്രിയർക്കീസ് ഭാഗത്തിന്റെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിച്ചു.

1958-ലെ സഭാ സമാധാനത്തിനുശേഷം യോജിച്ച സഭയിലെ കൊച്ചി ഭദ്രാസനാധിപനായി നിയമിതനായി. സമാധാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് തന്റെ ഭദ്രാസനത്തിൽ പ്രവർത്തിച്ചു. ഇന്നു മലബാർ ഭദ്രാസനത്തിലുള്ള നല്ലപങ്ക് പള്ളികളും അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. 1962 മാർച്ച് 17-ന് കാലം ചെയ്തു. ആർത്താറ്റ് സെന്റ് മേരീസ് പുത്തൻപള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## ബൈബിൾ ക്വിസ്

(ഉൽപ്പത്തി 33-37)

**ഫാ. റെജു എബ്രഹാം, മൗണ്ട് അബു**

1. യാക്കോബ് പദ്ദൻ അരാമിൽ നിന്നു വന്നതിനുശേഷം കനാൻ ദേശത്തിലെ ഏതു പട്ടണത്തിലാണ് പാളയമടിച്ചത്? (33:18)
2. ശേഖേമിന്റെ അപ്പന്റെ പേര്? (34:6)
3. റിബെക്കായുടെ ധാത്രിയുടെ പേര്? (35:8)
4. ദൈവം യാക്കോബിനു നൽകിയ പേര്? (35:10)
5. റാഹേലിന്റെ മരണസമയത്ത് അവൾ തന്റെ മകനു നൽകിയ പേര്? (35:18)
6. ഏദോമ്യരുടെ പിതാവ് ആര്? (36:43)
7. ആടുകളെ മേയിച്ചുകൊണ്ടിരുന്ന തന്റെ സഹോദരങ്ങളെ യോസഫ് എവിടെ വച്ചാണ് കണ്ടുമുട്ടിയത്? (37:17)
8. യോസഫിനെ മിദ്യാന കച്ചവടക്കാരായ യിശ്മായേല്യർക്ക് വിൽക്കാം എന്നു പറഞ്ഞ സഹോദരൻ ആര്? (37:21)
9. എത്ര വെള്ളിക്കാശിനാണ് യോസഫിനെ സഹോദരങ്ങൾ യിശ്മായേല്യർക്ക് വിറ്റത്? (37:28)
10. ഫറവോന്റെ അകമ്പടി നായകന്റെ പേര്? (37:36)

### ഉത്തരങ്ങൾ

1. ശേഖേം
2. ഹമോർ
3. ദബോറ
4. യിസ്രായേൽ
5. ബെനോനി
6. ഏശാവ്
7. ദോഥാനിൽ
8. യഹൂദ
9. 20
10. പോത്തീഫർ

# കോനാട്ട് ഗീവർഗ്ഗീസ് മാർ യൂലിയോസ് (1829-1884)

പാമ്പാക്കുട കോനാട്ട് മാത്തന്റെയും പാലപ്പിള്ളിൽ വലിയവീട്ടിൽ കുഞ്ഞെളച്ചാരുടേയും പുത്രനായി 1829-ൽ ജനിച്ചു. സുറിയാനി പണ്ഡിതനായ ഇദ്ദേഹം ആ കാലഘട്ടിലെ പ്രശസ്ത മല്പാൻ ആയിരുന്നു, പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് ഇദ്ദേഹത്തിന്റെ ശിഷ്യനാണ്. സ്മര്യപുരുഷൻ പാമ്പാക്കുടയിൽ 1879-ൽ ഒരു സുറിയാനി അച്ചുകൂടം സ്ഥാപിച്ചു. ആ പ്രസ്, പിന്നീട് സ്ഥാപകന്റെ നാമത്തിൽ അറിയപ്പെട്ടു. ഇൻഡ്യയിലെ ഇദം‌പ്രഥമമായ സുറിയാനി അച്ചുകൂടമാണിത്.

മലങ്കര സഭയുടെ ക്ഷണപ്രകാരം 1875-ൽ വന്ന പത്രോസ് ത്രിതീയൻ പാത്രിയർക്കീസിൽ നിന്ന് ആർത്താറ്റ് പള്ളിയിൽ വെച്ച് റമ്പാൻ സ്ഥാനവും 1876 വൃശ്ചികം 21-ന് (ഡിസംബർ 3-നു) വടക്കൻ പറവൂർ പള്ളിയിൽ വെച്ച് മാർ യൂലിയോസ് എന്ന സ്ഥാന നാമത്തിൽ തുമ്പമൺ മെത്രാസനത്തിനായി മെത്രാപ്പോലീത്താ സ്ഥാനവും പ്രാപിച്ചു.

1884 മീനം 9-ന് കാലം ചെയ്തു. പാമ്പാക്കുട വലിയപള്ളിയിൽ കബറടങ്ങി. കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ ഇദ്ദേഹത്തിന്റെ സഹോദരൻ ആണ്.




തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിന്റെ വാർഷിക സമ്മേളനം.

# സഭാ ദിനാ സമ്മേളനവും സൗഹൃദ സംഗമവും

എം.ജി.ഓ.സി.എസ്.എം മാവേലിക്കര മെത്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സഭാ ദിനാ സമ്മേളനവും സീനിയർ ഫ്രണ്ട്സിന്റെയും മുൻകാല പ്രവർത്തകരുടെയും സൗഹൃദ സംഗമം 2019 ഏപ്രിൽ 7-ന് 2:30 മണി മുതൽ കുട്ടമ്പേരൂർ സീയോൻപുറം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടക്കും. അലക്സിയോസ് മാർ യൗസേബിയോസ് അധ്യക്ഷത വഹിക്കും.

അനുഭവങ്ങൾ പങ്കേവേക്കൾ, എം.ജി.ഓ.സി.എസ്.എം അന്നും ഇന്നും എന്ന വിഷയത്തിൽ ചർച്ച, സഭാ ദിനാ സന്ദേശം, തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരിക്കും.

## കൊരട്ടി - കുന്നംകുളം തീർത്ഥയാത്ര

കൊരട്ടി: ആർത്താറ്റ് സെന്റ് മേരീസ് പുത്തൻപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ ഓർമ്മപെരുന്നാളിനോടനുബന്ധിച്ചു അവിഭക്ത കൊച്ചി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്ന പൗലോസ് മാർ സേവേറിയോസിന്റെ കബറിടത്തിലേക്കു കൊരട്ടി സിയോൻ സെമിനാരിയിൽ നിന്നും വൈദികരും വിശ്വാസികളും അടങ്ങുന്ന സംഘം മാർച്ച് 16-നു രാവിലെ 8.15 നു ആർത്താറ്റ് പുത്തൻപള്ളിയിൽ എത്തിച്ചേരുന്നു. തുടർന്ന് വി. കുർബ്ബാന, കബറിങ്കൽ ധൂപ പ്രാർഥന എന്നിവ ഉണ്ടായിരിക്കുന്നതാണ്*

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

# കാലത്തിന്റെ സൂചനകളെ തിരിച്ചറിയുക

ഫാ. ഡോ. ജേക്കബ് കുര്യൻ

പ്രധാനമായി രണ്ട് ചോദ്യങ്ങൾ, ഈ വിഷയാവതരണത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടേണ്ടതാണെന്ന് തോന്നുന്നു:

ഒന്ന്, ബൈബിളിന്റെ വെളിച്ചത്തിൽ "കാലത്തിന്റെ സൂചനകളെ തിരിച്ചറിയുക"യെന്നാൽ എന്താണ്?

രണ്ട്, ആധുനിക ജീവിതസാഹചര്യത്തിൽ അജപാലനരംഗത്തെ "കാലത്തിന്റെ സൂചനകൾ" എന്തൊക്കെയാണ്?

**1. ബൈബിളിന്റെ വെളിച്ചത്തിൽ "കാലത്തിന്റെ സൂചനകൾ"**

കാലത്തിന്റെ സൂചനകളെ നാം തിരിച്ചറിയണം എന്ന വ്യക്തമായ സന്ദേശം നൽകിയത് യേശുതമ്പുരാൻ തന്നെയാണ്. വി. മത്തായിയുടെ സുവിശേഷം 16-ാം അധ്യായം 3-ാം വാക്യത്തിൽ യേശുതമ്പുരാൻ ചോദിക്കുന്നു, "ആകാശത്തിന്റെ ഭാവം വിവേചിപ്പാൻ നിങ്ങൾ അറിയുന്നു; എന്നാൽ കാലലക്ഷണങ്ങളെ വിവേചിപ്പാൻ നിങ്ങൾക്കു കഴികയില്ലല്ലോ" എന്ന്. "കാലലക്ഷണങ്ങളെ വിവേചിക്കുക": "to discern the signs of the times" "കാലത്തിന്റെ സൂചനകളെ തിരിച്ചറിയുക" (diakrinein semeia ton kairov).

ഈ വാക്കുകളുടെ പശ്ചാത്തലം നാം അല്പം മനസിലാക്കണം എന്നു തോന്നുന്നു. ഒരു ദിവസം പരീശന്മാരും സദൂക്യരും ഒന്നിച്ചുചേർന്ന് യേശുവിന്റെ അടുത്തു വന്നു. സാധാരണനിലയിൽ അവർ ഒന്നിച്ചു വരാൻ ബുദ്ധിമുട്ടാണ്; കാരണം വിശ്വാസത്തിലും യഹൂദ രാഷ്ട്രീയത്തിലും അവർ രണ്ട് വ്യത്യസ്ത മുന്നണികളാണ്. ഒരു കൂട്ടർ അഥവാ പരീശന്മാർ പുനരുത്ഥാനം ഉണ്ടെന്നു വിശ്വസിക്കുമ്പോൾ മറ്റെക്കൂട്ടർ അഥവാ സദൂക്യർ പുനരുത്ഥാനം ഇല്ലെന്നും വിശ്വസിച്ചു. മതം കൊണ്ടുപജീവിക്കുന്ന പുരോഹിതഗണത്തിൽ നല്ലൊരു പങ്കും അങ്ങേലോകത്തിലൊന്നും വിശ്വാസമില്ലാത്ത സദൂക്യരായിരുന്നു. മതജീവിതത്തിന്റെ എക്കാലത്തെയും വൈരുധ്യം ഇതു തന്നെയാണ്. മതാനുഭവം ആത്മാവിൽ ഏശാത്ത മതത്തിന്റെ കാവൽക്കാർ! പരീശന്മാരും, സദൂക്യരും പക്ഷെ ഒരു കാര്യത്തിൽ യോജിച്ചു. തങ്ങളുടെ ജാതിയെ വിദേശാധിപത്യത്തിൽ നിന്ന് രക്ഷിക്കുന്ന മിശിഹാ ആകാശത്തുനിന്ന് അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുന്നവനായിരിക്കും. അതുകൊണ്ട്, സാധാരണജനങ്ങൾ ക്രിസ്തു അഥവാ മിശിഹാ എന്നു വാഴ്ത്തുന്ന യേശുവിനോട് ആകാശത്തുനിന്ന് അടയാളം ചോദിക്കുവാൻ തന്നെ പരീശരും സദൂക്യരും രംഗത്തുവന്നു. അവരുടെ ചോദ്യത്തിനുത്തരമായി യേശു അവരോട് ഇപ്രകാരം പറയുന്നു: നിങ്ങൾ ആകാശത്തു നിന്ന് അടയാളങ്ങൾ കാണുകയും അത് വിവേചിക്കയും ചെയ്തുകൊണ്ടാണല്ലോ ഇരിക്കുന്നത്. വൈകുന്നേരം ആകാശം ചുവന്നുകണ്ടാൽ എന്താണു സൂചനയെന്നും രാവിലെ ആകാശം ഇരുണ്ടു കണ്ടാൽ എന്താണു സംഭവിക്കാൻ പോകുന്നതെന്നും നിങ്ങൾക്ക് അറിയാം. പക്ഷേ നിങ്ങൾക്ക് കാലലക്ഷണങ്ങളെ വിവേചിപ്പാൻ കഴിയുന്നില്ല. അതാണ് നിങ്ങൾക്ക് വേണ്ടത്. കർത്താവു പറയുന്നതിന്റെ അർത്ഥം അല്പം കൂടി വ്യക്തമാക്കാൻ "കാലം" എന്നതിനെക്കുറിച്ച് ഒരു പരിചിന്തനം ആവശ്യമാണ്. യഥാർത്ഥത്തിൽ ഇവിടെ സുറിയാനിയിലും ഗ്രീക്കു ഭാഷയിലും സമയവുമായി ബന്ധിച്ച് പൊതുവിൽ ഉപയോഗത്തിലിരുന്ന രണ്ടു പദങ്ങളുടെ അർത്ഥസൂചനകളുടെ വ്യത്യാസം പ്രാധാന്യം അർഹിക്കുന്നു. സുറിയാനിയിൽ "ഏദോനോ" എന്നും "സബനോ" എന്നും രണ്ടു പദങ്ങൾ സമയവുമായി ബന്ധപ്പെട്ട് ഉപയോഗത്തിലുണ്ട്. അതുപോലെതന്നെ ഗ്രീക്കിൽ 'ക്രോനോസ്' എന്നും 'കൈറോസ്' എന്നും രണ്ടു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. മലയാളത്തിൽ ഇവയെ പരിഭാഷപ്പെടുത്തിയിരിക്കുന്നിടത്ത് തമ്മിൽ വലിയ വ്യത്യാസമില്ലാതെ, നേരം, കാലം, സമയം എന്നൊക്കെ കൊടുത്തിട്ടുണ്ട്. എന്നാൽ "ഏദോനോ"എന്നും ക്രോനോസ് എന്നും പറഞ്ഞാൽ കാലത്തിന്റെ അനുക്രമമായ ഗതി എന്നു സൂചിപ്പിക്കാവുന്ന കാലാവസ്ഥ എന്ന് പ്രത്യേകമായി അർത്ഥമാക്കാമെങ്കിൽ 'സബിനോ' എന്നും 'കൈറോസ്' എന്നും പറഞ്ഞാൽ സമയക്രമീകരണത്തിനായുള്ള അർത്ഥപൂർണ്ണതയുടെ സംഭവം എന്ന് സൂചിപ്പിക്കാവുന്ന പ്രത്യേക "കാലം" എന്ന് അർത്ഥമാക്കാം. അതുകൊണ്ട്, യേശുതമ്പുരാൻ യഹൂദന്മാരോട് ചോദിക്കുന്നത്, നിങ്ങൾക്ക് കാലാവസ്ഥയുടെ അടയാളങ്ങൾ തിരിച്ചറിയാം. പക്ഷേ കാലത്തിന്റെ അടയാളങ്ങളായി നടക്കുന്നതിനെ (കാലസമ്പൂർണ്ണതയിൽ പ്രവചനങ്ങളുടെ പൂർത്തീകരണമായി ക്രിസ്തു വെളിപ്പെട്ടിരിക്കുന്നുവെന്ന്) മനസിലാകാത്തതെന്തുകൊണ്ട് എന്നാണ്.

കാലം (സബിനോ, കൈറോസ്) ദൈവഹിതത്തിന്റെയും ദൈവിക സൂചനകളുടെയും ഇടപെടലുകൾ ഉള്ളതാണ്. 'യുഗാന്ത്യം' എന്നോ 'അന്ത്യകാലം' എന്നോ ഒക്കെ യഹൂദന്മാർ പറയാറുണ്ടായിരുന്നത് ഈ 'കാല'ത്തെക്കുറിച്ചാണ്. അതിന്റെ കണക്കുകൂട്ടുവാൻ അവർക്കിഷ്ടമായിരുന്നു. യേശുതമ്പുരാന്റെ ശിഷ്യന്മാർക്കും അത് ഇഷ്ടമായിരുന്നു. അതുകൊണ്ടുതന്നെ യേശുതമ്പുരാൻ വ്യക്തമായി പറഞ്ഞു: "പിതാവ്, തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യരുശലേമിലും യഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (അപ്പോ. പ്ര. 1:7, 8). കാലത്തിന്റെ കണക്കുകൂട്ടലുകളിൽ ഏർപ്പെടുന്നതിനു പകരം, കാലസൂചനയായ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച് യേശുവിന്റെ സാക്ഷികളാകുവാനുള്ള നിയോഗമാണ് യേശുതമ്പുരാൻ നൽകുന്നത്. ഇതിന്റെ തുടർച്ചയായിട്ടുവേണം പരിശുദ്ധനായ പൗലൂസ് ശ്ലീഹാ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 4-ാം അധ്യായം അഞ്ചാം വാക്യത്തെ നാം മനസിലാക്കേണ്ടത്. "ആകയാൽ കർത്താവു വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത്. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും. അന്നു ഓരോരുത്തനു ദൈവത്തിൽ നിന്നു പുകഴ്ച ഉണ്ടാകും" (ഇവിടെ 'സമയം' എന്നതിനുപയോഗിച്ചിരിക്കുന്നത് 'കൈറോസ്' എന്നാണ്).

ഇക്കണ്ട കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, നാം ഒന്നാമതു ചോദിച്ച ചോദ്യത്തിലേക്ക് ഒന്നു മടങ്ങിവരാം. "ബൈബിളിന്റെ വെളിച്ചത്തിൽ, കാലത്തിന്റെ സൂചനകളെ തിരിച്ചറിയുക" എന്നാൽ എന്താണ്?

"കാലം" അഥവാ ദൈവികപദ്ധതിയുടെ പ്രത്യേക സന്ദർഭം എപ്പോഴാണ് എന്ന് കണക്കുകൂട്ടുവാനോ, എങ്ങനെയാണെന്ന് വിധിക്കുവാനോ ഒരുമ്പെടേണ്ടതില്ല. പക്ഷെ, കാലം തരുന്ന സൂചനകളെ വിവേചിച്ചറിഞ്ഞ് ജീവിക്കുവാനും പ്രവർത്തിക്കുവാനും നമുക്കു സാധിക്കണം. ഉദാഹരണത്തിന്, 2012-ൽ ലോകം അവസാനിക്കുമോ എന്ന കണക്കുകൂട്ടൽ നമുക്കുള്ളതല്ല. പക്ഷെ, കാലം തരുന്ന ചില സൂചനകൾ ഉൾക്കൊണ്ട് ജീവിക്കുവാനും പ്രവർത്തിക്കുവാനും നമുക്കു ചുമതലയുണ്ട്. ഉമ്മൻചാണ്ടി മന്ത്രിസഭ അഞ്ചു വർഷം ഭരിക്കുമോ ഇല്ലയോ എന്നു വിധിക്കുവാൻ നാം നോക്കേണ്ടതില്ല. പക്ഷെ കേരളത്തിന്റെ പൊതുജീവിതത്തിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സംഭവിച്ചിരിക്കുന്ന "വിലക്കുറവ്" മനസിലാക്കി ജീവിക്കുവാനും പ്രവർത്തിക്കുവാനും നമുക്കു ചുമതലയുണ്ട്. പ്രപഞ്ച പരിസ്ഥിതിക്കു സംഭവിച്ചിരിക്കുന്ന തകരാറിന്റെ അടിസ്ഥാനത്തിൽ മനുഷ്യവംശത്തിനു വംശനാശം സംഭവിക്കുമോ എന്ന കണക്കുകൂട്ടൽ നടത്താൻ നാം ഒരുമ്പടേണ്ട കാര്യമില്ല, പകരം പരിസ്ഥിതിരമ്യമായ ഒരു ജീവിതക്രമം രൂപപ്പെടുത്തിയെടുക്കാൻ നാം യത്നിക്കണം. 2001 സെപ്റ്റംബർ 11-ന് നടന്ന World Trade Centre / Pentagon പതനംപോലെ ഇനിയും സംഭവിക്കുമോ എന്ന് ആധി പിടിച്ചിട്ട് കാര്യമില്ല. പക്ഷെ മതഭീകരവാദത്തെ അവസാനിപ്പിക്കാൻ സദ്ദാം ഹുസൈനെയോ ഒസാമബിൻലാദനെയോ കൊല്ലുകയല്ല, കൂടുതൽ മൗലികമായ അന്തർദ്ദേശീയ വിഷയങ്ങളെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ നന്മയ്ക്കായി സമീപിക്കയത്രെ വേണ്ടത്. സാധാരണജനങ്ങൾ സഭാജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നുപോകുന്നത് സെക്കുലറിസത്തിന്റെ അതിപ്രസരം കൊണ്ടാണെന്ന് വിധിച്ചിട്ടു കാര്യമില്ല, സഭാജീവിതത്തിന്റെ മുൻഗണനകളിൽ മണിഗോപുരങ്ങളും, സ്വർണ്ണ കൊടിമരങ്ങളും, ഷോപ്പിംഗ് കോംപ്ലക്സുകളും

സ്ഥാനം പിടിക്കുന്നതിനെ തിരുത്തുവാൻ നാം തയാറാകണം. ജനങ്ങൾ കൂട്ടമായി നവ കൾട്ടിക് ആത്മീയതയിലേക്ക് ആകർഷിക്കപ്പെടുമ്പോൾ, വിലക്കു കല്പനകൾ വിളംബരം ചെയ്തിട്ടു മാത്രം കാര്യമില്ല, നമുക്കുള്ള ആത്മീയതാ പാരമ്പര്യത്തെ കാലോചിതമായി ശക്തിപ്പെടുത്താൻ നാമെന്തു ചെയ്യണം എന്ന് ഗൗരവപൂർവ്വം ചിന്തിച്ചു നടപടിയെടുത്തേ പറ്റൂ. ഇങ്ങനെ പലതും, കാലത്തിന്റെ അടയാളങ്ങളും സൂചനകളുമായി ഉൾക്കൊണ്ട് മുന്നേറുവാനുള്ള ഒരു ചർച്ചാവേദിയും, പരസ്പര പഴിചാരലിനു പകരം പരസ്പര ശക്തീകരണ സന്ദർഭവുമായി നമുക്കീ സംഗമം മാറുവാൻ നാം പ്രതീക്ഷിക്കുന്നു.

വിഷയാവതരണത്തിന് സമർപ്പിച്ചിരിക്കുന്ന രണ്ടാമത്തെ ചോദ്യത്തിലേക്ക് കടന്നുവരാം.

**2. ആധുനിക ജീവിതസാഹചര്യത്തിൽ അജപാലനരംഗം ഗൗരവമായിട്ടെടുക്കേണ്ട "കാലത്തിന്റെ സൂചനകൾ" എന്തൊക്കെയാണ്?**

മൂന്നു ദിവസങ്ങളിലായി നമുക്കിവിടെ ക്രമീകരിച്ചിരിക്കുന്ന പഠനങ്ങളും, ചർച്ചകളും ഈ ചോദ്യത്തിനുള്ള ഉത്തരങ്ങളാകേണ്ടിയിരിക്കുന്നു. പ്രധാനമായി ഏഴ് മേഖലകളിലാണ് ഈ പരിചിന്തനത്തെ ക്രമീകരിച്ചിരിക്കുന്നത്. അവയുടെ ചർച്ചാക്രമത്തിന് വ്യത്യാസം ഉണ്ടെങ്കിലും, പ്രസ്തുത മേഖലകൾ താഴെപ്പറയുന്നവയാണ്:

1. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ സാധ്യതകളും വെല്ലുവിളികളും.

2. മലങ്കര ഓർത്തഡോക്സ് സഭാ ചരിത്രത്തിൽ കാതോലിക്കേറ്റിന്റെ ശതാബ്ദിയും സ്വയാവബോധ സമസ്യയും.

3. മാറ്റങ്ങളെ അഭിമുഖീകരിക്കുന്ന യുവതലമുറയും മുതിർന്ന തലമുറയും.

4. ആഗോളവത്കരണത്തിന്റെ സമ്മർദ്ദങ്ങൾ.

5. മാധ്യമമേഖലയിലെ സാധ്യതകളും വെല്ലുവിളികളും.

6. നവ കൾട്ടിക് ആത്മീയത നൽകുന്ന സന്ദേശം.

7. ഓർത്തഡോക്സ് ആരാധനാ ജീവിതത്തിന്റെ സാംഗത്യവും സാധ്യതകളും.

ഇവയിൽ ഓരോന്നിനെക്കുറിച്ചും പ്രഗത്ഭരായ വ്യക്തികൾ നമ്മുടെ പഠനം നയിക്കുമെന്നുള്ളതുകൊണ്ട് വിശദമായ ഒരു വിചിന്തനത്തിന് ഇവിടെ ശ്രമിക്കുന്നുമില്ല, ആയതിന് എനിക്ക് ഒട്ടും പ്രാഗത്ഭ്യവും ഇല്ല. എങ്കിലും വിഷയാവതരണത്തിന്റെ പേരിൽ ഓരോന്നിനെക്കുറിച്ചും കാലം നൽകുന്ന ഒന്നോ, രണ്ടോ സൂചനകളെ നമുക്കൊക്കെ അറിയാവുന്നവ തന്നെ, ഒന്നു പരാമർശിക്കുവാൻ ശ്രമിക്കുകയാണ്.

**1. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ സാധ്യതകളും വെല്ലുവിളികളും**

ഒരു പുതിയ നൂറ്റാണ്ടിന് അതിന്റേതായ സാധ്യതകളും വെല്ലുവിളികളും അതിന്റെ ആരംഭം മുതൽ ഉണ്ടാകണമെന്നില്ല. എങ്കിലും പൊതുവിൽ, ഓരോ നൂറ്റാണ്ടും ഓരോ പുതിയ ഒരു കാലഗണനാഘട്ടമായതിനാൽ, പ്രത്യേകം വിലയിരുത്തപ്പെടും. അങ്ങനെ നോക്കുമ്പോൾ, കാഴ്ചപ്പാടനുസരിച്ച് ഓരോ നൂറ്റാണ്ടിനും, അതാതിന്റെ പ്രത്യേകതകൾ സൂചിപ്പിക്കപ്പെടാം. ക്രൈസ്തവ സഭാ ചരിത്രത്തിന്റെ കാഴ്ചപ്പാടനുസരിച്ച്, ഇരുപതാം നൂറ്റാണ്ട് എക്യുമെനിസത്തിന്റെ നൂറ്റാണ്ടായി വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിനെ ഒരു പക്ഷെ നമുക്ക് പരിസ്ഥിതി ധർമ്മത്തിന്റെ നൂറ്റാണ്ടെന്ന് വിശേഷിപ്പിക്കാമായിരിക്കും. മനുഷ്യരും, സഭകളും, ദൈവത്തിന്റെ പ്രപഞ്ച പരിപാലനത്തിന്റെ ഗുണഭോക്താക്കളും വിനീത പങ്കാളികളുമാണെന്ന തിരിച്ചറിവിന്റെ ഭാഗമായി ലോകമെങ്ങും ഒരു പുതിയ പരിസ്ഥിതി അവബോധം വളർന്നു വരുന്നുണ്ട്. ആവാസ വ്യവസ്ഥിതിയിലെ മറ്റു ഘടകങ്ങളുടെ സഹായമില്ലാതെ മനുഷ്യജീവിതം അസാധ്യമാണെന്ന് നാം തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. ഓരോ പരിസ്ഥിതി ഘടകത്തിനും അതാതിന്റെ തനിമ (Identity) യും, ഇതരഘടകങ്ങളോട് സമന്വയിക്കുന്ന ഗുണമഹിമയും (quality of integration) ഉണ്ട്. വ്യക്തികൾക്കും സമൂഹങ്ങൾക്കും ഇതുണ്ട്. തനിമയും സമന്വയവും തമ്മിലുള്ള ഒരു സന്തുലനമാണ് പ്രപഞ്ചത്തിന്റെ ചാലകതത്വം. സന്തുലനത്തിനു പകരം ഏതെങ്കിലും ഒന്ന് മറ്റൊന്നിന്റെമേൽ അധീശത്വത്തിന് അറിഞ്ഞോ അറിയാതെയോ ശ്രമിക്കുമ്പോഴാണ് സമാധാനഭഞ്ജനം ഉണ്ടാകുന്നത്. ചെറിയ പ്രാദേശിക പാർട്ടികൾ മുതൽ എല്ലാ മനുഷ്യസമൂഹങ്ങളും ജാതി, വർഗ്ഗ, വർണ്ണ, മത, ലിംഗ തനിമകൾക്കുവേണ്ടി വിലപേശുന്ന ഒരു കാലഘട്ടമാണ് നമ്മുടേത്. അതിരു കവിഞ്ഞ സ്വയാവബോധത്തിനാണ് 'തീവ്രവാദ'മെന്ന് നാം പറയുന്നത്. അതുകൊണ്ട് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ വെല്ലുവിളി, തനിമാവാദത്തിന്റെ (Identity-claim) അതിപ്രസരമാണ്. അത് സഭക്കുള്ളിലും പുറത്തും ഇന്ന് ശക്തമാണ്. അതുകൊണ്ടുതന്നെ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ സാധ്യത, തനിമയുടെ നന്മയെ പരിരക്ഷിച്ചുകൊണ്ടുള്ള ഒരു സമന്വയീകരണപ്രക്രിയ (a process of integration maintaining the positive elements of identities). ഇത് സഭയുടെ, സഭകളുടെ നിയോഗമായിട്ടെടുക്കേണ്ടിയിരിക്കുന്നു. പരിസ്ഥിതിഘടകങ്ങളുടെ തനിമയോടെയുള്ള സമന്വയം മുതൽ, സഭാകക്ഷികളുൾപ്പെടെ മതസമൂഹങ്ങളുടെ തനിമയോടെയുള്ള സമന്വയംവരെ ഈ നൂറ്റാണ്ടിന്റെ സാധ്യതയും സൂചനയുമായി നാം എടുക്കേണ്ടിയിരിക്കുന്നു. ഇവിടെ ഒരു ചോദ്യം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. തനിമയുടെ അവകാശവാദം ന്യായമോ അന്യായമോ എന്ന് വിധിക്കേണ്ടതായി വരില്ലേ? അതിന്റെ അളവുകോൽ എന്താണ്? തനിമയുടെ അവകാശവാദങ്ങൾ പരിധികൾ ലംഘിക്കുന്നിടത്ത് സംഘർഷം ഉണ്ടാകും. ഇവിടെ നിയമവ്യവസ്ഥയിലൂടെയും അനുരഞ്ജനപാതയിലൂടെയും തീർപ്പു കല്പിക്കപ്പെടണം. എന്നാൽ, സംഘർഷത്തിനു മുമ്പ് സൂചനകൾ കണ്ടുകൊണ്ട് വീണ്ടുവിചാരത്തോടെ സമന്വയം സാധിക്കുന്നതിന്റെ ധാരാളം ഉദാഹരണങ്ങളുണ്ട് എന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് അടുത്തവിഷയത്തിലേക്ക് പ്രവേശിക്കുകയാണ്.

**2. മാറ്റങ്ങളെ അഭിമുഖീകരിക്കുന്ന യുവതലമുറയും മുതിർന്ന തലമുറയും**

1970-കളിൽ ശ്രദ്ധേയമായ ഒരു പുസ്തകമാണ് ആൽവിൻ ടൊഫ്ളറിന്റെ "ഫ്യൂച്ചർ ഷോക്ക്" - വരും ദശകങ്ങളിൽ ലോകത്തിനുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ഒരു ദീർഘവീക്ഷണമായിരുന്നു ആ ഗ്രന്ഥം. 2011 ആയപ്പോൾ പറയുവാൻ കഴിയും "ഫ്യൂച്ചർ ഷോക്കി"ൽ പറയുന്നതിലുമപ്പുറം മാറ്റങ്ങളാണ് നാമിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഈ മാറ്റങ്ങളെ യുവതലമുറയും മുതിർന്ന തലമുറയും ഉൾക്കൊള്ളുന്നതോ അവയോട് പ്രതികരിക്കുന്നതോ വ്യത്യസ്തമായ വേഗത്തിലും ഭാവത്തിലുമാണ്. ഈ രണ്ടു വിഭാഗങ്ങളും ഇന്ന് മാറ്റത്തിന്റെ രണ്ടു വ്യത്യസ്ത അവസ്ഥകളിലാണ്. യുവതലമുറ, പ്രൊഫഷണൽ പഠനം മുതൽ ദേശാന്തരീയത്തിന്റെ തുടർച്ചയായ അവസ്ഥയിലാണെങ്കിൽ, മുതിർന്ന തലമുറ ഏകാന്തവാസത്തിന്റെ തുടർച്ചയായ അവസ്ഥയിലുമാണ്. ഈ രണ്ടവസ്ഥകളോടുമൊപ്പം ജീവിതപ്രശ്നങ്ങളുടെ നൂലാമാലകൾ അനവധിയുണ്ട്. ദേശാന്തരീയത്തിന്റെ ഏതെങ്കിലും ദശാസന്ധിയിൽ കണ്ടുമുട്ടുന്ന ആണും പെണ്ണും മത, വർണ്ണ, ദേശ, സംസ്കാരങ്ങൾക്ക് അതീതമായി ജീവിതപങ്കാളികളായി മാറുന്ന യാഥാർത്ഥ്യം, വഴിതെറ്റിയ യുവത്വമായി ചിത്രീകരിക്കാൻ ഇന്നു പറ്റുമെന്നു തോന്നുന്നില്ല. ഏകാന്തവാസത്തിന്റെ ഏതെങ്കിലും സാഹചര്യത്തിൽ സംഭവിക്കാവുന്ന ആകസ്മികതകളെ താങ്ങുവാൻ തക്ക ആത്മശരീര മനസ്സുകളുടെ ശക്തീകരണം ഒരു പൊതു ആവശ്യമായി മാറിയിരിക്കുന്നു. ഇവിടെയാണ്, യുവതലമുറക്കും, മുതിർന്നവർക്കും, അവരുടെ മാറിയ സാഹചര്യങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയായി അംഗീകരിച്ചുകൊണ്ടുള്ള അജപാലന - മുൻഗണനകളുടെ പ്രാധാന്യം.

**4. ആഗോളവൽക്കരണത്തിന്റെ സമ്മർദ്ദങ്ങൾ**

ആഗോളഗ്രാമത്തെ (Global Village) ക്കുറിച്ചു പറഞ്ഞ മാർഷൽ മക്ലൂഹൻ ഒരു പക്ഷേ ശോഭനമായ ഒരു ലോകവ്യവസ്ഥിതിയെയായിരിക്കാം സ്വപ്നം കണ്ടത്. ആശയവിനിമയത്തിന്റെയും, സ്ഥലകാലങ്ങളുടെയും അകലങ്ങൾ കുറഞ്ഞത് ഒരു മഹാസംഭവമാണ്. ഒരിടത്തു വായിച്ചു, "ലോകം ഒന്നായിരിക്കുന്നു, പക്ഷെ ഹൃദയത്തിലല്ല, കമ്പിയിലും കമ്പിയില്ലാകമ്പിയിലും" എന്ന്. കച്ചവടവൽക്കരിക്കപ്പെട്ട ഒരു ആഗോളവൽക്കരണത്തിന്റെ ബാക്കിപത്രമാണ് ഇന്ന് നമ്മുടെ ജീവിതം. അതുകൊണ്ടുതന്നെ ആഗോളവൽക്കരണ ആപ്തവാക്യങ്ങൾ ദാർശനികവും, മതാത്മകവുമായ ഭാവത്തിൽ നമുക്കു സുപരിചിതമാകുന്നു: "An idea can change your life; "Life is Good," "We understand your world", "Relations strong and pure as Gold"- ഇങ്ങനെ പലതും. കൂട്ടത്തിൽ "Free" ഓഫറുകളും ഇഷ്ടംപോലെ - എന്തിനു കുറയ്ക്കണം ഇവിടെ വൈദികർക്ക് Free Airtel connection- ഉം! എല്ലാം ലക്ഷ്യം വച്ചിരിക്കുന്നത് ഒന്നിലാണ്, നാമെല്ലാം കൂടുതൽ ധനികരായിത്തീരാൻ! അക്ഷയ തൃതീയയ്ക്ക് സ്വർണ്ണം വാങ്ങിയാൽ എല്ലാം മംഗളകരമാകും; പരുമലതിരുമേനിയുടെയും, അൽഫോൻസാമ്മയുടെയും സ്വർണ്ണലോക്കറ്റു ധരിച്ചാൽ അനുഗ്രഹം അനവധി; വിശുദ്ധനാട് തീർത്ഥാ

ടനം കഴിഞ്ഞാൽ സ്വർഗ്ഗത്തിൽപോയ അനുഭൂതി. ഫ്ളെക്സ്ബോർഡും, ആർച്ചും, നോമ്പിലെ സന്ധ്യാനമസ്ക്കാരവും, പെരുന്നാളും, ചില്ലറയായും കൺവൻഷൻ മൊത്തത്തിലും ഓരോ ദിവസവും പ്രധാന ത്രോണോസിലെ തിരുമേനിയെ വരെയും സ്പോൺസർ ചെയ്യപ്പെടുന്നതിന്റെയും, ചെയ്യിപ്പിക്കുന്നതിന്റെയും സുഖവും സമ്മർദ്ദവും നമ്മുടെ ജീവിതത്തെയും ശുശ്രൂഷയെയും ഇന്ന് നല്ലവണ്ണം നിയന്ത്രിക്കുന്നുണ്ട്. നമ്മെ കൂടുതൽ സുഖം അനുഭവിക്കുവാനും, സമ്പന്നതയ്ക്കുള്ള വാഗ്ദാനങ്ങളും സംവിധാനങ്ങളുമടങ്ങിയ ആഗോളവൽക്കരണം നൽകുന്ന സൂചനകൾ വല്ലതുമുണ്ടോ?

ആഗോളവൽക്കരണം തിന്മയാണ് എന്നും, അതൊഴിവാക്കുന്ന ഒരു ലോക വ്യവസ്ഥിതിക്കു സാധ്യതയുണ്ടെന്നും പറയുന്നവർ കണ്ടേക്കാം. പക്ഷെ, നാമറിയാതെ അതു നമ്മെ ഭരിക്കുവാൻ തുടങ്ങിയിരിക്കുന്നു. “2 G Spectrum” ആഗോളവൽക്കരണത്തിന്റെ ഒരു സാങ്കേതിക സാധ്യതയാണ്, അത് വേണ്ട എന്നു പറയുവാൻ കഴിയുകയില്ല. പക്ഷേ “2 G Spectrum അഴിമതി” എന്ന സംഭവത്തെ തിരിച്ചറിഞ്ഞ് പൊതുജീവിതത്തിലെ വമ്പൻ അഴിമതികൾക്കെതിരെ ജാഗ്രത നമുക്ക് ഉണ്ടായേ പറ്റൂ. വാഹനവിപണനം, മണിചെയിൻ, ഫിനാൻസിങ്ങും ഇൻഷുറൻസ് പ്രൊഡക്ടുകളുടെ വിപണനവും മുതലായവ മുതൽ കച്ചവടവൽക്കരിക്കപ്പെട്ട തീർത്ഥാടനം വരെ, നമ്മുടെ ജാഗ്രതാപൂർവ്വമായ തിരിച്ചറിയലിന്റെ പരിധിയിൽപെടേണ്ടതിനെക്കുറിച്ച് വിശദമായ ചർച്ച നമുക്കുണ്ടാവും എന്നു പ്രതീക്ഷിക്കാം.

### 5. മാധ്യമമേഖലയിലെ സാധ്യതകളും വെല്ലുവിളികളും

മനുഷ്യൻ ഓരോ കാലഘട്ടത്തിലും ശക്തി (Power) പ്രകടമാക്കുന്നത് അതാതിന്റേതായ പ്രത്യേകതയിലാണെന്നു തോന്നുന്നു. കായികശക്തിയുടെയും ആയുധശക്തിയുടെയും സാമ്പത്തിക ശക്തിയുടെയും കാലം കഴിഞ്ഞ് ഇപ്പോൾ മാധ്യമശക്തിയുടെ കാലത്തിലാണ് നാം ജീവിക്കുന്നത്. രണ്ടുനാലു നിമിഷം കൊണ്ടൊരുത്തനെ തണ്ടിലേറ്റുന്നതും മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പു കെട്ടുന്നതും അച്ചടി മാധ്യമവും ഇലക്ട്രോണിക് മാധ്യമവും ആണെന്നുള്ളതിന് കൂടുതൽ തെളിവുകളുടെ ആവശ്യമില്ല. മാധ്യമരാജാവായി അറിയപ്പെട്ട റൂപർട്ട് മർദൊക്കും (Rupert Murdoch) മാധ്യമവിജ്ഞാനീയത്തിന്റെ (Understanding Media) കർത്താവായ മാർഷൽ മക്ലൂഹനും, മാധ്യമവിപ്ലവത്തിന്റെ സാധ്യതകൾ പണ്ടേ കണ്ടവരാണ്. അതൊന്നും നമുക്ക് അധികം അറിയില്ലായെങ്കിലും നമുക്കൊരു കാര്യം അറിയാം; ഒരു പ്രമുഖ പത്രത്തിന്റെ ന്യൂസ് എഡിറ്ററോ, റിപ്പോർട്ടറോ നമുക്ക് സുഹൃത്തായിട്ടുണ്ടെങ്കിൽ, നമുക്ക് അതെത്രമാത്രം പ്രയോജനകരമാണെന്ന്. ഇപ്രകാരമുള്ള ചില മുതലെടുപ്പിന്റെ സാധ്യതകൾക്കപ്പുറം ഗൗരവതരമായ ഒരു സൂചനയാണ് മാധ്യമമേഖല സഭയ്ക്കും സഭാശുശ്രൂഷയ്ക്കും ഇന്നു നൽകുന്നത്. എന്താണ് ആ സൂചന? സ്വന്തം വരുതിയിൽ ഒരു പത്രമോ ചാനലോ ഉണ്ടായിട്ട് അതിലൂടെ നമ്മുടെ പ്രബോധനങ്ങൾക്കും നിലപാടുകൾക്കും ശുശ്രൂഷകൾക്കും പ്രചാരം നൽകുകയും ചെയ്യുന്നതിലുപരി, മാധ്യമമേഖല വ്യക്തികേന്ദ്രീകൃതമായിക്കഴിഞ്ഞു. അതായത്, അച്ചടിച്ചതോ ഓൺലൈനിലോ ആയി ദിനപ്പത്രം വായിക്കുന്നവരുടെ സംഖ്യയേക്കാളും സമയത്തേക്കാളും, ഫേസ്ബുക്കും, ബ്ലോഗും, ടിറ്ററും കൈകാര്യം ചെയ്യുന്നവരുടെ സംഖ്യയും സമയവും ഏറിയിരിക്കുന്നു. “ഇന്റർ ആക്ടീവ് സോഷ്യൽ നെറ്റ്വർക്കിംഗ്” എന്ന ആശയത്തിലൂടെ, ഇവ ഉപയോഗിക്കുന്നവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് സഭാംഗങ്ങളായ പലരും വ്യക്തിപരമായ താല്പര്യത്താൽ ഇവയുടെ ഉപയോഗത്തിലേക്ക് വന്നിട്ടുണ്ടെങ്കിലും, ഈ മേഖലകളിലൂടെയുള്ള മീഡിയാമിഷൻ സഭയ്ക്കും സഭാപ്രസ്ഥാനങ്ങൾക്കും ഇടവകകൾക്കുമായി നിർവ്വഹിക്കേണ്ടിയിരിക്കുന്ന കാലഘട്ടത്തിലേക്ക് നാം വന്നിരിക്കുന്നു. ഒരുപക്ഷേ, ഈ വിധം സാധ്യതകളും വെല്ലുവിളികളും ഇവിടെ നാം കൂടുതലായി ചർച്ച ചെയ്യുവാൻ അവസരം ഉണ്ടായേക്കും.

### 6. നവകൾട്ടിക് ആത്മീയത നൽകുന്ന സന്ദേശം

സഭാജീവിതാന്തരീക്ഷത്തിൽ കുറെക്കാലമായി നാം കാണുന്ന ഒരു യാഥാർത്ഥ്യമുണ്ട്. സഭാംഗങ്ങളിൽ നല്ലൊരു പങ്കും, യുവജനങ്ങളിൽ പലരും, ഔദ്യോഗികമായി സഭാംഗത്വത്തിൽ നിലനിൽക്കുമ്പോഴും സഭയുടെ മുഖ്യധാരയിൽ നിന്ന് ഒരകലം പാലിക്കുന്നു. അതിനു പല കാരണങ്ങൾ കണ്ടേക്കാമെങ്കിലും ഏറ്റവും പ്രധാന കാരണം സഭാവഴക്കിനെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടുകൾ അവരെ ചിന്താക്കുഴപ്പത്തിലാക്കുന്നതാണെന്നു തോന്നുന്നു. ഇങ്ങനെയാകുന്നവരിൽ ചിലരൊക്കെ, സഭയോടുള്ള ഔപചാരികബന്ധം തുടർന്നുകൊണ്ട് ചില നവ കൾട്ടിക് സമൂഹങ്ങളിൽ തങ്ങളുടെ ആത്മീയസംതൃപ്തി അന്വേഷിക്കുന്നു. നവകൾട്ടിക് സമൂഹങ്ങൾ ഇന്ന് ശക്തമായ ഒരു ആഗോള ക്രൈസ്തവ പ്രതിഭാസമാണ്. അവരുടെ രണ്ടു പ്രത്യേകതകൾ, ഒന്ന്, നേതൃത്വം നൽകുന്ന ആളിനെ മഹത്വവൽക്കരിച്ചുള്ള വ്യക്തിപൂജാരീതിയും, രണ്ട്, ഭൗതികമായ ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചുള്ള ആരാധനാരീതിയും ആണ്. ഇവയിൽ ഒന്നാമത്തേത് ഒരു നവമധ്യസ്ഥത സമ്പ്രദായവും, രണ്ടാമത്തേത്, ഒരു നവ ആരാധനാ സമ്പ്രദായവും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഈ സംഗതി നമുക്ക് കാലത്തെ തിരിച്ചറിയുവാനുള്ള സൂചനയാണെന്നതിനു രണ്ടുപക്ഷമില്ല. ശക്തമായ അച്ചടക്കനടപടികളേക്കാളും, മൂല കാരണങ്ങളെ കേന്ദ്രീകരിച്ചുള്ള പാസ്റ്ററൽ സമീപനത്തിനാണ് ഇവിടെ പ്രാധാന്യം കൊടുക്കേണ്ടത് എന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഇവിടെ ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ചാവേദിയ്ക്കായി ഈ വിഷയം വിടുന്നു.

### 7. ഓർത്തഡോക്സ് ആരാധനാ ജീവിതത്തിന്റെ സാംഗത്യവും സാധ്യതകളും

ആരാധനാ ജീവിതത്തിന്റെ ചൈതന്യമാണ് ഓർത്തഡോക്സ് സഭകളുടെ മുഖമുദ്ര. ‘ഓർത്തോഡോക്സാ’ എന്ന ഗ്രീക്കു പദദ്വയങ്ങളുടെ ഭാഷാന്തരമാണല്ലോ, പഴയ മലയാളത്തിൽ “സ്തുതി ചൊവ്വാകപ്പെട്ട”തെന്നും, പുതിയ മലയാളത്തിൽ “സത്യാരാധന”യെന്നും സുറിയാനിയിൽ ‘ത്രീസായ് ശുബഹോ’യെന്നും അതു ലോപിച്ച “തരീസ” എന്നതും ഒക്കെ. സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ ദൈവമക്കളുടെ സ്വാതന്ത്ര്യവും സന്തോഷവും ആണല്ലോ ആരാധനാനുഭവത്തിന്റെ കാതൽ. അതുകൊണ്ടുതന്നെ അപേക്ഷ സമർപ്പിച്ച് വേണ്ടതൊക്കെയും ചോദിച്ചു വാങ്ങുന്നതിനേക്കാൾ ത്രീയേകദൈവത്തിന് സർവ്വം സമർപ്പിച്ച് ആദരവു കരേറ്റുകയും, ദൈവസന്നിധിയിലെ വിശുദ്ധഗണങ്ങളുടെ കൂട്ടായ്മ അനുഭവിക്കുകയും ചെയ്യുന്നതിനാണ് ഓർത്തഡോക്സ് ആരാധന മുൻതൂക്കം കൊടുക്കുന്നത്. ഈ ആരാധനാജീവിതത്തിൽ ആനന്ദവും സംതൃപ്തിയും അനുഭവിക്കുന്ന ഒരു സാക്ഷ്യം നമുക്കിന്ന് എത്രത്തോളം അവകാശപ്പെടാം എന്നത് ഒന്ന് വിലയിരുത്തേണ്ട കാലം ആയിരിക്കുന്നു. ദശാബ്ദങ്ങളായി, വൈദികസമ്മേളനങ്ങളിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടാറുണ്ട് എന്നതും സത്യമാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടായിട്ടും, ആരാധനക്രമങ്ങളിലും, ആരാധനാസജ്ജീകരണങ്ങളിലും വരുത്തേണ്ടതും വരുത്താവുന്നതുമായ പരിഷ്ക്കാരങ്ങൾ നമ്മുടെ സജീവ പരിഗണനയിൽ വന്നിട്ടില്ല. പരിചയിച്ചുപോന്നതിനോടുള്ള ബന്ധത്തിൽ അത്യാവശ്യത്തിനുപോലും മാറ്റമുണ്ടാകാൻ അനുവദിക്കാത്ത യാഥാസ്ഥിതികത്വം ഓർത്തഡോക്സിയാണെന്നു തോന്നുന്നില്ല. പൗരസ്ത്യ ആധ്യാത്മികചൈതന്യം കാത്തുസൂക്ഷിക്കുന്ന സുറിയാനി ആരാധനയുടെ അടിസ്ഥാനങ്ങളിൽ നിന്നു വ്യതിചലിക്കാത്ത, കാലദേശാനുസൃതമായ മാറ്റങ്ങൾക്ക്, മടിക്കുന്ന ഒരു സമീപനമാണ്, കുറേക്കാലമായി നാമമാത്രമായിട്ടെങ്കിലും ഉണ്ടായിരുന്ന ആരാധനാ കമ്മീഷന്റേത് എന്നു പറയുവാൻ ധൈര്യപ്പെടുകയാണ്. അർത്ഥം വ്യക്തമാക്കാത്ത ഭാഷാപ്രയോഗങ്ങൾക്ക് മാറ്റം വേണ്ടതല്ലേ? തെറ്റായി അച്ചടിച്ചിട്ടുള്ള പദപ്രയോഗങ്ങൾ തിരുത്തേണ്ടതല്ലേ? സന്ദർഭത്തിനു ചേരാത്ത സെദ്റാകളും, പ്രുമിയോനുകളും മാറ്റേണ്ടതല്ലേ?

ഒരു കാലത്ത് വി. കുർബ്ബാനാനുഷ്ഠാനവുമായി സമന്വയിക്കപ്പെട്ടിരുന്ന ചില വിശുദ്ധദിവസ ശുശ്രൂഷകൾ, അതിൽനിന്നു വിടർത്തി അനുഷ്ഠിക്കുന്നതു മൂലം, വി. കുർബ്ബാനാനുഷ്ഠാനത്തിന്റെ തന്നെ ആവർത്തനമായി മാറിയിരിക്കുന്ന രീതികൾക്ക് മാറ്റം ഉണ്ടാകാവുന്നതല്ലേ? അതു മൂലം അനാവശ്യ ദൈർഘ്യം ഒഴിവാക്കാവുന്നതല്ലേ?

സമൂഹമായി ആലപിക്കുവാൻ ബുദ്ധിമുട്ടുള്ള ചില രാഗങ്ങളിലുള്ള ഗീതങ്ങൾ, നമ്മുടെ ആത്മീയതയോടിണങ്ങുന്ന ലളിതമായ രാഗങ്ങളിൽ പുനരാവിഷ്ക്കരിക്കേണ്ടതല്ലേ?

ഭവനകൂദാശ, പെന്തിക്കോസ്തിശുശ്രൂഷ മുതലായവയിൽ കൂടുതൽ അർത്ഥസമ്പുഷ്ടിയും, ജനപങ്കാളിത്തവും ഉറപ്പുവരുത്തുവാൻ സാധിക്കുന്ന ആരാധനക്രമങ്ങൾ ഉണ്ടാക്കാവുന്നതല്ലേ?

ചുരുക്കത്തിൽ, നമ്മുടെ സഭാജീവിതത്തിലെ മർമ്മപ്രധാനമായ ആരാധനാനുഭവത്തോടു ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചുള്ള പ്രയോജനപ്രദവും, കാര്യക്ഷമതയോടെയുള്ള പരിചിന്തനം നടക്കുവാനുള്ള സമ്മർദ്ദം വൈദികസമൂഹത്തിൽ നിന്നുമുണ്ടാകട്ടെ.

❑

ലേഖനം

# കുരിശിന്റെ അർത്ഥവും വ്യാപ്തിയും

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

കുരിശിന് മഹത്ത്വരമായ പ്രാധാന്യം ക്രൈസ്തവ സഭകൾ നൽകുന്നു. വേദ പുസ്തകാധിഷ്ഠിതവും, വേദശാസ്ത്രപരവുമായി അഗാധ അർത്ഥം വെളിവാക്കുന്ന 'കുരിശ്'മത ചിഹ്നമോ സാംസ്കാരിക അടയാളമോ മാത്രമല്ല, ക്രിസ്തുവിന്റെ കഷ്ടാനുഭവം, ക്രൂശുമരണം, ഉയിർത്തെഴുന്നേല്പ് എന്നിവയുടെ സമഗ്രവും ഏകവുമായ പ്രതീകമാണ് കുരിശ്.

**1. കുരിശിന്റെ പ്രാധാന്യം എന്ത്**

ലാറ്റിൻ ഭാഷയിലെ ക്രൂസിൽ (Crux) നിന്നുമാണ് ക്രോസ് (Cross) എന്ന വാക്ക് ഉത്ഭവിച്ചത്. ഇതിന് സർവ്വ പ്രധാനം, അത്യന്താപേഷിതം, അടിസ്ഥാനപരം എന്നെല്ലാം അർത്ഥമുണ്ട്. അതിനാൽ കുരിശ്, യേശുക്രിസ്തുവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ്, ക്രൂശാരോഹണം എന്നിവയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ക്രിസ്തിയ വിശ്വാസത്തിന്റെ മറ്റ് പ്രമാണങ്ങൾ എല്ലാം പണിതുയർത്തിയിരിക്കുന്നത്, 'നശിച്ചുപോകാത്ത' കുരിശിന്റെ അടിത്തറയിലാണെന്ന് യറുശലേമിലെ വിശുദ്ധ കൂറിലോസ് (C. 348 - 87) പഠിപ്പിക്കുന്നു. പഴയ നിയമത്തിലെ പല സംഭവങ്ങളും പ്രവചനങ്ങളും കുരിശിന്റെ രക്ഷാകരമായ പദ്ധതിയെ മുൻകൂട്ടി വെളിപ്പെടുത്തുന്നതായി പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു.

'സംഹാര ദൂതനെ തടയുന്നതിന് കറുമ്പടി മേലും കട്ടിളക്കാൽ മേലുമുള്ള രക്തം തേക്കൽ (പുറ. 12 .23), മോശ കയ്യിൽ ധരിച്ച അടയാളവും' കണ്ണുകളുടെ നടുവിലെ നെറ്റിപ്പട്ടയും (പുറ. 14.6), ശത്രുക്കളുടെ പരാജയത്തിനായി മോശയുടെ കൈ ഉയർത്തലും (പുറ. 17: 8 – 15), മരുഭൂമിയിൽ മോശ നാട്ടിയ പിത്തള സർപ്പവും (സംഖ്യ 21. 6 – 9), കുരിശിന്റെ മുൻകുറികളാണ്. മരത്തിൽ തൂങ്ങി മരിച്ചവർ ശാപഗ്രസ്തർ (പുറ. 21 . 22), മിശിഹായുടെ കഷ്ടാനുഭവ ദർശനം (സങ്കി.22), നെറ്റിയിലെ രക്ഷകരമായ അടയാളം (യെഹസ്കി 9:3 –6) എന്നിവ പാപത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള രക്ഷയുടെ അടയാളമായും വ്യാഖ്യാനിക്കുന്നു.

കുരിശിന്റെ മഹത്തായ ദർശനം യേശു വെളിപ്പെടുത്തുന്നത് 'ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുക' എന്ന പ്രഖ്യാപനത്തിലാണ് (മത്ത 10 : 38 – 39, 16 : 24 – 25, മർക്കോ 8: 34 –35 ലൂക്കോ 9 : 23 – 24, 14 :27), "ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കുള്ള സന്ദേശം 'വരിക, ക്രൂശിക്കപ്പെടുക' എന്നതാണെന്ന് ശിഷ്യത്വത്തിന്റെ വില നിർണ്ണയപ്പെടുത്തി" ഡിട്രിച്ച് ബോൺഹോഫർ (1906 – 1945) വ്യാഖ്യാനിക്കുന്നു. യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വിളി വരിക ക്രൂശിക്കപ്പെടുക എന്ന ആഹ്വാനമാണ്. യേശുവിനെ അനുഗമിക്കുന്നവർ കുരിശിന്റെ വഴി തിരഞ്ഞെടുക്കണം. നിന്ദയും തിരസ്കാരവും മുൾക്കിരീടവും കുരിശിന്റെ വഴിയാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിന്റെ അന്തസത്ത കുരിശിന്റെ ജീവിതമാണ്. പരസ്യ ശുശ്രൂഷയിൽ മൂന്നു പ്രാവശ്യം യേശു പീഡാനുഭവത്തേയും, ക്രൂശു മരണത്തേയും സൂചിപ്പിക്കുന്നു. (മത്താ 16 : 21, 17 : 22, 22–23, 20 : 18 – 19). യേശുവിനെ പിൻപറ്റിയവർ 'ക്രൂശിനെ' സ്വീകരിക്കുവാൻ വിമുഖത പ്രകടിപ്പിച്ചപ്പോൾ ശിഷ്യത്വം കുരിശ് എടുക്കുന്നതിന്റേതാകണമെന്ന് ആഹ്വാനം ചെയ്യുന്നു (ലൂക്കാ 9: 22 – 24).

ശിഷ്യത്വത്തിന്റെ അടയാളം 'കുരിശാണ്', അനുഗമിക്കുവാൻ ഇച്ഛിക്കുന്നവർ കുരിശു വഹിക്കണമെന്നത് നിർബന്ധമാണ്. കുരിശിൽ നിറയുന്നത് സ്നേഹവും ക്ഷമയും സഹനവുമാണ്. ഇത് രക്ഷയ്ക്കുള്ള വഴിയാണ്. ക്രിസ്തു ഇല്ലാത്ത കുരിശും കുരിശില്ലാത്ത ക്രിസ്തീയതയും ക്രിസ്തുശിഷ്യത്വത്തിന്റെ വിളിയെ തിരസ്കരിക്കുന്നു.

കുരിശിന്റെ അടയാളം ക്രിസ്തുവിന്റെ മഹത്തരമായ രണ്ടാം വരവിന്റെ പ്രതീകമായും (യെശ 11:10–12, മത്ത് 24: 30) ആശീർവാദത്തിന്റെ ചിഹ്നമായും, അനുഗ്രഹങ്ങൾ പ്രാപിപ്പിക്കുന്നതിന്റെ ഭാവമായും കണക്കാക്കുന്നു. കൈകൾ അല്പം ഉയർത്തി പിടിക്കുമ്പോൾ ലഭ്യമാകുന്നതും കുരിശിന്റെ അടയാളമാണ്. വിശ്വാസത്തിന്റെ പരിചയായ കുരിശ് (എഫേ 6,16) വിശുദ്ധ മാമോദീസായിൽ കൂടി ആദ്യം ലഭ്യമാകുന്നു. കുരിശിന്റെ അടയാളം ദൈവജനത്തിന്റെ അടയാളമായി (ഗല 5:11, 6 : 14) പഠിപ്പിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ട് സഭയെ ശുശ്രൂഷിക്കുവാനും സഭയുടെ കൂദാശാനുഭവത്തിൽ പങ്കു ചേരുവാനും വിശ്വാസികളെ കുരിശിന്റെ അടയാളത്തിലൂടെ സജ്ജമാക്കുന്നു.

ഓർത്തഡോക്സ് ആരാധന ക്രമത്തിൽ കുരിശ് നിത്യ ജീവൻ അവകാശമാക്കുന്നതിന്റെ വാഗ്ദാനമാണ്. കുരിശിനെ ഏദൻ തോട്ടത്തിലെ ജീവ വൃക്ഷമായി താരതമ്യം ചെയ്തിട്ടുണ്ട്. (ഉൽപ്പത്തി 2:9 3 :22 – 24). വലിയ മാർ ബസേലിയോസ് (330 – 379) ക്രിസ്ത്യാനികൾ ജീവവൃക്ഷമായി തീരണമെന്ന് (സങ്കീ. 1 : 1 –3). പ്രബോധിപ്പിക്കുന്നു. കുരിശ് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണിയാണ് (1 തിമോ 2:5, എബ്രാ. 8:6 ; 9 :15, 12 : 24) ക്രൂശിതനായ യേശുവിന്റെ ജീവിതം യാക്കോബ് കണ്ട ഗോവണിയുടെ പ്രതീകമാണ് – മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കാഴ്ചയുടെ അനുഭവം. കുരിശ് യേശുവിന്റെ രക്ഷാ പ്രവർത്തനങ്ങൾ സംവേദിപ്പിക്കുന്നതിന് മാത്രമുള്ളതല്ല. കുരിശ് മനുഷ്യ വർഗ്ഗത്തെ രൂപാന്തരപ്പെടുത്തുവാനുള്ളതാണ് (The cross not only informs us, but also transforms us). ക്രൂശിന്റെ അനുഭവത്തിൽ എത്തിച്ചേരുമ്പോഴാണ് യഥാർത്ഥ രൂപാന്തരമുണ്ടാകുന്നത്.

ഭൗതീക മോഹങ്ങളെ പരിത്യജിക്കുക, ക്രിസ്തു വിശ്വാസത്തിൽ ഉറച്ച് നിൽക്കുക (എബ്ര 12:2–3), ക്രിസ്തുസ്നേഹം വെളിപ്പെടുത്തുക (യോഹ 15:13) എന്നിവയിൽ അടിസ്ഥാനമിട്ടെങ്കിൽ മാത്രമേ, കുരിശിന്റെ സ്നേഹവും ശിഷ്യത്വവും പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയൂ. ക്രിസ്തുവിന്റെ കുരിശ് ബലിയർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും ശുശ്രൂഷയാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന ക്രമത്തിൽ മാറാനായ പെരുന്നാളും ദൈവമാതാവിന്റെ പെരുന്നാളും കഴിഞ്ഞാൽ ഏറ്റവും അധികം സ്ഥാനം സ്ലീബായ്ക്കാണ്. ഏതു ആരാധനയിലും കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കും. വിശുദ്ധ കുർബാനയിൽ ത്രോണോസിൽ ഒരു മര കുരിശ് നിർബന്ധമായും ഉണ്ടായിരിക്കണം. മറ്റ് കൂദാശകളിലും ശുശ്രൂഷകളിലും ഒരു കുരിശും ഇരുവശങ്ങളിൽ തിരികളും വെച്ചിരിക്കും. പ്രാർത്ഥനകൾ നടത്തുമ്പോൾ എല്ലാം കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കണമെന്ന് സഭ പ്രബോധിപ്പിക്കുന്നു.

വലിയ നോമ്പിലെ 'പാതി നോമ്പിൽ' പള്ളി മദ്ധ്യത്തിൽ 'ഗോഗുൽത്താ' സ്ഥാപിച്ച് മുകളിൽ കുരിശ് വെക്കുന്നു. പാതി നോമ്പിന്റെ വിശുദ്ധ കുർബാനയോടനുബന്ധിച്ച്, സ്ലീബാ ആഘോഷം നടത്തി ചുവന്ന ഊറാറ ചുറ്റി കുരിശ് ഗോഗുൽത്തായിൽ ഭംഗിയായി പ്രതിഷ്ഠിക്കുന്നു. പാതി നോമ്പിലെ 'സ്ലീബാ ആഘോഷം', ദു:ഖവെള്ളിയാഴ്ചയിലെ സ്ലീബാ തോളിൽ താങ്ങിയുള്ള പ്രദക്ഷിണം, കുരിശ് കുമ്പിടീൽ, സ്ലീബാ ആഘോഷം, 'കബറടക്കം', ഉയിർപ്പ് പെരുന്നാളിലെ 'ഉയിർപ്പിന്റെ രഹസ്യ ശുശ്രൂഷ', സ്ലീബാ ആഘോഷം, സ്വർഗ്ഗാരോഹണ പെരുന്നാളിലെ സ്ലീബാ ആഘോഷം എന്നിവയിൽ സ്ലീബായുടെ മഹത്ത്വവും പ്രാധാന്യവും വർണ്ണിക്കുന്ന പ്രാർത്ഥനകളും ശുശ്രൂഷകളും ഉൾക്കൊള്ളുന്നു. സെപ്തംബർ 14 സ്ലീബാ പെരുന്നാളായും സഭ ആഘോഷിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ആരാധനാ ക്രമീകരണങ്ങളിൽ വെള്ളിയാഴ്ചത്തെ പ്രാർത്ഥനകൾ സ്ലീബായുടെതാണ്. 'കൂദോശ് ഇത്തോ' മുതൽ കഷ്ടാനുഭവ ആഴ്ചവരെ, ഞായറാഴ്ച യാമ പ്രാർത്ഥനകളും സ്ലീബായുടേതാണ്. ആരാധനയിൽ പിതാവും പുത്രനും പരിശുദ്ധ റൂഹായും തുടങ്ങിയ 'ത്രിത്വ സ്തുതിയിലും' കുരിശു വരയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നു. വാങ്ങിപ്പോയവരുടെ കബറിടത്തിൽ 'കുരിശു വയ്ക്കുന്ന' പാരമ്പര്യവും ഉണ്ട്. ഇത് 'ക്രിസ്ത്യാനി' എന്ന് ധ്വനിപ്പിക്കുന്നതിന് മാത്രമല്ല പ്രത്യാശയോടെ പുതു ജീവിതത്തിലേക്ക് കടന്ന് പോകുന്നതിനെ (pass over) അനുസ്മരിപ്പിക്കുന്നു. പ്രത്യാശയുടെയും ജീവന്റെയും അടയാളമാണിത്. കുരിശ് ക്രിസ്തീയ ജീവിതത്തിന്റെ വിജയകൊടിയും അവിഭാജ്യ ഘടകവുമാണ്.

**2. കുരിശു വരയ്ക്കുന്നത് എപ്പോൾ, എങ്ങനെ; അതിന്റെ അർത്ഥം എന്ത്?**

സഭാ പാരമ്പര്യത്തിൽ കുരിശു വരയ്ക്ക് വളരെ പ്രാധാന്യം ഉണ്ട്. നെറ്റിയിൽ എല്ലായ്പ്പോഴും കുരിശടയാളം വരയ്ക്കണമെന്ന് (Sign of the cross) സഭാപിതാവായ തെർത്തുല്യൻ (A.D 160 - 220) പ്രബോധിപ്പിച്ചു. ആദ്യകാലത്ത് നെറ്റിയിൽ ചെറിയ കുരിശടയാളങ്ങൾ വരയ്ക്കുമായിരുന്നു. പതിനൊന്നാം നൂറ്റാണ്ടോടെയാണ് വലതു കൈയുടെ മൂന്നു വിരലുകൾ കൂട്ടിപിടിച്ച് നെറ്റിയിൽ നിന്നും നെഞ്ചിലേക്കും ഇടത്തേതോളിൽ നിന്നും വലത്തേ തോളിലേക്കും കുരിശു വരയ്ക്കുന്ന പാരമ്പര്യം വളർന്നത്.

വിശ്വാസികളുടെ കാവലിനും രക്ഷയ്ക്കും വേണ്ടി മിശിഹായുടെ ക്രൂശുമരണത്തിൽ സങ്കേതപ്പെട്ട് കഷ്ടാനുഭവങ്ങളിൽ പങ്കു ചേരുന്നതിന്റെ അടയാളമായി കുരിശു വരയ്ക്കണമെന്ന് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "മനുഷ്യകുലം മുഴുവനും രക്ഷപ്പെട്ടതു ദൈവപുത്രന്റെ കുരിശു മൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതാകുന്നു.... മഹാ ദൈവത്തെ നമ്മുടെ ഹൃദയത്തിൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തികൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കേണ്ടതാകുന്നു. കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നത് കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനെയും തന്റെ കുരിശു മരണത്തേയും വന്ദിക്കുകയത്രേ" (മതോപദേശസാരങ്ങൾ 2014 : 50 – 51).

യറുശലേമിലെ വി. കൂറിലോസിന്റെ (313 – 386) പ്രഭാഷണങ്ങളിൽ (xiii : 36) കുരിശു വരയുടെ പ്രാധാന്യം വിവരിക്കുന്നു: "ഭക്ഷണം കഴിക്കുമ്പോഴും, കുടിക്കുമ്പോഴും, വരുമ്പോഴും, പോകുമ്പോഴും, ഉറങ്ങുമ്പോഴും, ഉണരുമ്പോഴും, യാത്രചെയ്യുമ്പോഴും, വിശ്രമിക്കുമ്പോഴും എല്ലാം കുരിശു വരയ്ക്കണം. ഓരോ കുരിശുവരയിലൂടെയും ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് സാക്ഷിക്കുന്നത്."

അനുദിന ജീവിതത്തിൽ ഉണരുമ്പോൾ കുരിശുവരച്ച് എഴുന്നേൽക്കുന്ന പാരമ്പര്യമാണുള്ളത്. പിന്നീടാണ് പ്രാർത്ഥനയും പ്രവർത്തനവും ആരംഭിക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാ പ്രവർത്തനങ്ങളുടെ അനുസ്മരണവും ക്രിസ്തു സന്ദേശം ഉൾക്കൊണ്ട് ജീവിതത്തെ അനുനിമിഷം രൂപാന്തരപ്പെടുത്തുന്നതിനുമുള്ള ബോധ്യവുമാണ് കുരിശു വരയിലൂടെ ലഭ്യമാകുന്നത്. നിർദ്ദിഷ്ഠ ആരാധനാ സമയങ്ങളിൽ മാത്രമല്ല എല്ലാ ഘട്ടങ്ങളിലും ആവശ്യാനുസരണം കുരിശു വരയ്ക്കാം. "എപ്പോഴും കുരിശ് വരയ്ക്കണം, കുരിശു ധരിക്കണം, കുരിശു വഹിക്കണം" എന്ന് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉപദേശിച്ചിരുന്നു. കുരിശു വരയ്ക്കുന്നത് കുരിശു വഹിക്കുവാനും, ക്രൂശിക്കപ്പെടുവാനുമാണ്. അനുദിന ജീവിതത്തിലുണ്ടാകുന്ന തിന്മകളെയും പ്രലോഭനങ്ങളേയും സ്വാർത്ഥതകളെയും ക്രൂശിക്കുവാൻ കഴിയണം. കാൽവറിയിൽ വെളിപ്പെട്ട ക്രിസ്തുസ്നേഹത്തോടുള്ള സമ്പൂർണ്ണ സമർപ്പണമാണ് കുരിശു വരയിലൂടെ സാദ്യമാകുന്നത്. ഇത് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും നിർവഹിക്കണം. ബോധ വിചാര മനസുകളുടെ സമ്പൂർണ്ണമായ ഇടപെടൽ കുരിശുവരയിൽ സജ്ജീവമാകണം.

**3. ആരാധനയ്ക്ക് കുരിശോ, ക്രൂശിത രൂപമോ ഉപയോഗിക്കുന്നത്**

മലങ്കര ഓർത്തഡോക്സ് ആരാധനയിൽ ക്രൂശിത രൂപങ്ങൾ ഇല്ല. ഉയിർപ്പിന്റെയും ജീവന്റെയും പ്രത്യാശയുടെയും ചിഹ്നമായ കുരിശാണ് ഉപയോഗിക്കുന്നത്. വിശുദ്ധ കുർബാനയിൽ ഒരു തടി കുരിശ് അനിവാര്യമാണ്. മറ്റ് എല്ലാ ആരാധനകളിലും ശുശ്രൂഷകളിലും കുരിശിന്റെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ കഷ്ടത, മരണം, ഉയർപ്പ് എന്നിവ സമഗ്രമായി കുരിശ് പ്രതിഫലിപ്പിക്കുന്നതിനാൽ ക്രൂശിത രൂപങ്ങൾ ഓർത്തഡോക്സ് ആരാധനയിൽ അനുവദിക്കുന്നില്ല.

❑



Priests of the Diocese of Ahmedabad with Metropolitan His Grace Yakob Mar Elias at our St. Thomas Upper-room chapel, Naroda after Annual Clergy Lenten Retreat.




5oth Year of Basil School, Diocese of Ahmedabad, inaugurated by his grace, Dr Geevarghese Mar Yulios.



## ഡോ. എബ്രഹാം മാർ സെറാഫിം വത്തിക്കാനിൽ മാർപാപ്പയെ സന്ദർശിച്ചു

റോം: ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ വത്തിക്കാനിൽ പ. ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ചു. ബാംഗ്ലൂർ ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങളെ പറ്റി ചോദിച്ചറിഞ്ഞ മാർപാപ്പ മലങ്കര ഓർത്തഡോക്സ് സഭയുടെ തലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ കാതോലിക്ക ബാവയുമുള്ള സൗഹൃദ ബന്ധത്തെ അനുസ്മരിക്കുകയും മലങ്കര സഭയുടെ എക്യൂമെനിക്കൽ ബന്ധങ്ങളെയും സാമൂഹ്യസേവന രംഗങ്ങളിലെ ഇടപെടലുകളെയും പ്രത്യേകം പ്രശംസിക്കുകയും ചെയ്തു. ഭാരതത്തിന്റെ സംസ്കാരിക പൈതൃകവും കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പും ലോകത്തിനു തന്നെ മാതൃകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.സൗഹൃദ സന്ദർശനത്തിന്റെ ഓർമക്കായി മെത്രാപ്പോലീത്ത, മാർപാപ്പക്ക് ആറന്മുള കണ്ണാടി സമ്മാനിച്ചു.

പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിന്റെ ഭാഗമായിട്ടാണ് മാർ സെറാഫിം മെത്രാപ്പോലീത്ത വത്തിക്കാനിൽ എത്തിയത്.



## ഒ.വി.ബി.എസ്. 2019 സി.ഡി. പ്രകാശനം ചെയ്തു

കോട്ടയം; മധ്യവേനൽ അവധിക്കാലത്തു നടത്തുന്ന ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ ക്ലാസ്സുകളുടെ (ഒ.വി.ബി.എസ്.) 2019 ലെ സിഡി ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. കാതോലിക്ക ബാവാ, വൈദിക ട്രസ്റ്റി ഫാ. ഡോ. എം.ഒ. ജോണിനു നൽകി പ്രകാശനം ചെയ്തു. പഠന സാമഗ്രികൾ അടങ്ങുന്ന കിറ്റ് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ഏറ്റുവാങ്ങി. ഡയറക്ടർ ജനറൽ ഫാ. ഡോ. ജേക്കബ് കുര്യൻ, പബ്ലിക്കേഷൻ ഓഫീസർ ഡോ. ചെറിയാൻ തോമസ്, ഒ.വി.ബി.എസ്. ഡയറക്ടർ ഫാ. മാത്യു കോശി, ജനറൽ സെക്രട്ടറി ഡോ. ഐപ്പ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

പൗരസ്ത്യ സൺഡേസ്കൂൾ അസോസിയേഷന്റെ കീഴിലാണ് ഒ.വി.ബി.എസ്. പ്രവർത്തിക്കുന്നത്. മധ്യവേനൽ അവധിക്കാലത്ത് എട്ട് ദിവസങ്ങളായിട്ടാണ് പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നത്. വേദപുസ്തകാധിഷ്ഠിതമായ പരിശീലന പരിപാടികളിലൂടെ കുട്ടികളിൽ മൂല്യബോധം വളർത്തുകയും സാമൂഹിക തിന്മകൾക്കെതിരെ ക്രിയാത്മകമായി ഇടപെടുകയും വ്യക്തിത്വ വികസനത്തിൽ സഹായിച്ച്, ഉത്തരവാദിത്വമുള്ള പൗരന്മാരായിത്തീരുകയും ചെയ്യുന്നതിനു കുട്ടികളെ സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ പാഠ്യപദ്ധതിയുടെ ലക്ഷ്യം. ഇന്ത്യയിലും പുറത്തുമായി ഏകദേശം ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾ ഇതിൽ പങ്കെടുക്കുന്നു. പദ്ധതിയുടെ ഭാഗമായി കേന്ദ്രതലത്തിലും വിവിധ ഭദ്രാസനങ്ങളിലും പരിശീലന പരിപാടികൾ നടന്നുവരുന്നു.

മലയാളം കൂടാതെ ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, തെലുങ്ക്, ഹീബ്രു, സുറിയാനി എന്നീ ഭാഷാ ഗാനങ്ങളും ഈ സിഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി ഗാനങ്ങളുടെ കരോക്കെ കൂടാതെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകളും ഈ സിഡിയിലുണ്ട്. കൂടാതെ സൺഡേസ്കൂൾ സഹപാഠ്യമത്സരങ്ങൾക്കുള്ള ഗാനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

കുട്ടികൾതന്നെ വരയ്ക്കുന്ന മുഖചിത്രങ്ങളോടുകൂടിയ സിഡിയും പാഠപുസ്തകങ്ങളും കുട്ടികൾതന്നെ പാടുന്ന പാട്ടുകളും ഇതിന്റെ പ്രത്യേകതയാണ്. ഏപ്രിൽ ഒന്നു മുതലാണ്, വിവിധ ദേവാലയങ്ങളിൽവെച്ചു ഒ.വി.ബി.എസ്. നടക്കുന്നത്. കോട്ടയം ദേവലോകത്തുള്ള സൺഡേസ്കൂൾ കേന്ദ്ര ഓഫീസിലും ഭദ്രാസന ബുക്ക് ഡിപ്പോകളിലും സിഡി ലഭ്യമാണ് എന്ന് ഒ.വി.ബി.എസ്, ഡയറക്ടർ ഫാ. മാത്യൂകോശി അറിയിച്ചു.



തിരുവനന്തപുരം ഭദ്രാസന നവജ്യോതി മോംസ് വാർഷിക സമ്മേളനം നീറായിക്കോട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു. തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്തു. ചാത്തന്നൂർ കൃഷി ഓഫീസർ ശ്രീ പ്രമോദ് ക്ലാസ് നയിച്ചു. തോമസ് ടി വർഗീസ് കോറെപ്പിസ്കോപ്പ, ഫാ: വർഗീസ് ടി വർഗീസ്,ഫാ. വർഗ്ഗീസ് എബ്രഹാം, ഫാ.മാത്യു തോമസ് ആയൂർ ബിജു,ഷീജ മാത്യു, ബിജി സാമുവേൽ,ലൈല എബ്രഹാം, എന്നിവർ



## ഉത്സവത്തിന് നെല്ല് നൽകി

ഉളനാട് ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രത്തിലെ ഉത്സവത്തിന് ആവശ്യമായ നെല്ല് ഉളനാട് വലിയ പള്ളിയിൽ നിന്നും സമർപ്പിച്ചു.

പ്രളയം തകർത്ത വള്ളിച്ചിറ പാട ശേഖരത്തിൽ ഇടവക ഭരണസമിതിയുടെയും യുവജന പ്രസ്ഥാനത്തിന്റെയും നേതൃത്വത്തിൽ കൃഷി ഇറക്കി നൂറു മേനി വിളവ് നേടിയിരുന്നു. ഇതിൽ നിന്നുള്ള നെല്ലാണ് വികാരി ഫാ. ബിജു മാത്യൂസ്, ട്രസ്റ്റി, സെക്രട്ടറി, ഇടവക യുവജന പ്രസ്ഥാനം അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സമർപ്പിച്ചത്.

ക്ഷേത്രയോഗം പ്രസിഡന്റ് ഉളനാട് ഹരികുമാർ, കൃഷ്ണ, യുവജന സമിതി പ്രവർത്തകർ, മറ്റു സംഘടന പ്രതിനിധികൾ ഭക്തജനങ്ങൾ, വാർഡ് മെമ്പർ പോൾ രാജൻ തുടങ്ങിയവർ പങ്കെടുത്തു.



## നന്മയുള്ള പെണ്മയ്ക്ക് സ്നേഹാദരം

മാവേലിക്കര ഭദ്രാസന പശ്ചിമമേഖലാ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വനിതാദിനത്തോട് അനുബന്ധിച്ചു നടന്ന നന്മയുള്ള പെണ്മക്ക് സ്നേഹാദരം പരിപാടി കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ് ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഷിജി കോശി, മേഖലാ സെക്രട്ടറി അബി ഏബ്രഹാം കോശി. ജോ. സെക്രട്ടറി ലെഞ്ചു ജോർജ്, ഓർഗനൈസർമാരായ അമൽ റെന്നി, ഭദ്രാസന കമ്മിറ്റി അംഗങ്ങളായ എബി ചെറുതന, ഡെന്നി എസ്., ബിബിൻ ബാബു തുടങ്ങിവർ നേതൃത്വം നൽകി.

# ശയ്യാവലംബവും ദൈവാവലംബവും

## (ലൂക്കോസ് 4:40-41,5:12-16)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ



ആന്തരീകവേദനയുടെ ആഴങ്ങളിൽ വീണ് പോയ ഒരാളെ വിമോചിപ്പിക്കാൻ അയാളുടെ ഊന്ന് വടികളിൽ നിന്ന് തന്നെ മോചനം ആവശ്യമാണ്. ശയ്യാവലംബിയായ ഒരാളെ കിടക്ക ചുമക്കുവാനാകുംവിധം ബലപ്പെടുത്തുകയെന്നത് ദൈവീകവീക്ഷണമാവുന്നത് പോലെ... നമുക്കതിനെ അഭിമുഖീകരിക്കാൻ കരുത്തുണ്ടെങ്കിലും ഇല്ലെങ്കിലും ആ ഭീതിജനകമായ വന്യതയെ നാം അതിജീവിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരാളെ ബലപ്പെടുത്തുന്ന ആത്മബലം പകരുന്ന സംഭവമാണ് പക്ഷവാതക്കാരനെ സുഖപ്പെടുത്തുന്ന സംഭവം. *പരിശോധിക്കപ്പെടാത്ത ജീവിതത്തിന് മൂല്ല്യവത്തായ ജീവിതം നൽകില്ല* എന്ന പ്ലാറ്റോയുടെ തത്വം ഇവിടെ പ്രസക്തമാണ്.

ഇതൊക്കെ കുറിച്ചത് (മർക്കോസ് 2:1 12)കഫർന്നഹൂമീലെ ആ ഭവനത്തെപ്പറ്റി പറയുവാനാണ്. സത്യമായും ആദ്യത്തെ വായനയിൽ യേശു ഇരുന്നിരുന്ന ആ ഭവനത്തെ മാത്രമെ നാം വി. മർക്കോസിന്റെ സുവിശേഷ ചിത്രത്തിൽ കാണുന്നുള്ളു. യേശു ഇരുന്നിരുന്ന ആ ജനക്കൂട്ടത്തിലേക്ക് നോക്കുമ്പോൾ നിരവധി ഭവനങ്ങൾ ഇപ്പോൾ കാണാനാവുന്നുണ്ട്. കാണെ കാണെ കാഴ്ച്ചപെരുപ്പംതന്നെ.! ഇത് സുവിശേഷകരുടെ ആലേഖന മികവുകൂടിയാണ്. കഫർന്നഹൂം സംഭവത്തിന്റെ പശ്ചാത്തലങ്ങളിൽ എല്ലാ കാലത്തും കാണപ്പെടുന്ന മൂന്ന് സമൂഹങ്ങളെ കുറിച്ച് സൂചിപ്പിക്കട്ടെ.



**1) ആൾക്കൂട്ട സമൂഹങ്ങൾ (Crowded Society)**

ജനമെന്ന പദത്തിന്റെ ഭിന്ന തലങ്ങൾ വി.വേദപുസ്തകം ആവിഷ്ക്കരിച്ചിട്ടുണ്ട്. ജനസാന്ദ്രത പലപ്പോഴും സമൂഹത്തിന് സമ്മാനിച്ചത് വിവേകരാഹിത്യത്തിന്റെ പതനങ്ങളാണ്. ആൾക്കൂട്ട ആത്മീയത പലപ്പോഴും നമ്മെ അടഞ്ഞ ഭവനങ്ങളായി മാറ്റുന്നു. കഫർന്നഹൂമിലെ ഭവനത്തിൽ കർത്താവ് ഉണ്ടായിരുന്നതിനാൽ അത് ജനസാന്ദ്രമായി. ദൈവഭവനങ്ങളും ദൈവീക വ്യക്തിത്വങ്ങളും ആൾക്കൂട്ടത്തെ ആകർഷിക്കുന്നതായി തീരുന്നു. ഇത് ദൈവീകതയെ ഉൾകൊണ്ടതിനലല്ല; അത്ഭുതങ്ങളോ,അപ്പമോ ഒക്കെ പ്രതീക്ഷിച്ചാവാം. ദൈവമെന്ന സത്യത്തോട് സാമാന്യഭൂരിപക്ഷത്തിന് സമീപിക്കാനാവാത്ത അനിവാര്യ ദുരന്തം ഭക്തജനങ്ങൾ സൃഷ്ടിക്കുന്നു.

സമകാലീക മതാത്മകത ദൈവത്തിന് ചുറ്റി കൂടിനിൽക്കുന്നതും ദൈവസാന്നിദ്ധ്യബോധം തടയുന്നതുമാണ്. ജീർണ്ണതയുടെ നെറ്റിപ്പട്ടമായ് മതാത്മകതയണിയപ്പെട്ടിരിക്കുന്നു. കഫർന്നഹൂമിലെ ജനാത്മക സ്വഭാവം കേരളസമൂഹത്തിലും തനിയാവർത്തനം ചെയ്യപ്പെടുന്നത് തിരിച്ചറിയപ്പെടേണ്ടതാണ്.2)

**ഒറ്റപ്പെട്ട സമൂഹങ്ങൾ (Isolated society)**

അല്ലെങ്കിലും കാലമിങ്ങനെയാണ്. കാലം തോറും ആവർത്തിതമായ ജീവിത പരിഛേദങ്ങൾ. പൊടുന്നനെ ജീവീതത്തിലേക്ക് ദുരന്തമായി പെയ്തിറങ്ങിയ രോഗമൊക്കെ നേടിതരുന്ന സഹതാപത്തിന്റെ ആനുകൂല്ല്യങ്ങൾ അത്രക്കൊന്നും നീണ്ട് പോകാറില്ല. അത്തരമൊരു അനിവാര്യതയാണ് പക്ഷവാതക്കാരനായ രോഗിക്കും ഉണ്ടായത്. പക്ഷവാതത്തിന്റെ പാശങ്ങളിൽ കെട്ടപ്പെട്ട് ചലനരഹിതമായ ഒരു *ശരീരമായി* അയാൾ മാറി. നാടിന്റെ നല്ലസംഘങ്ങളിൽ സജീവമായിരുന്ന അയാൾക്ക് ഉണ്ടായ ഈ ദുരന്തത്തിൽ സഹതപിച്ചവർ ക്രമേണ്ണ ആയാളുടെ വീട്ടിലേക്ക് വരാതായി. സമൂഹ മനസാക്ഷിയിലെ സഹതാപം കൂണുകൾ പൊലെയാണ്. ഒറ്റപ്പെടൽ അതിലേറെ ഭയാനകം. ചലനമറ്റ ശരീരത്തിലെ ചലിക്കുന്ന മനസ്സു കരഞ്ഞു; സുഹൃത്തുക്കളോട്,ബന്ധുക്കളോട് എല്ലാം. ഇന്നും ദുരിത ബാധിതരായി കഴിയുന്ന ആളുകൾ ഈ പക്ഷവാതക്കാരനെപ്പൊലെ ഒറ്റപ്പെട്ടവരായി ജീവിക്കുന്നുണ്ട്. വി.മർക്കോസിന്റെ ഈ വിവരണം സമകാലീകതയിലേക്ക് നമ്മെ ഉണർത്തേണ്ടതാണ്.

നമ്മുടെ വ്യഥകളുടെ ആന്തരീകയാഥാർത്ഥ്യത്തിലേക്ക് നമ്മെ കൂട്ടികൊണ്ട് പോകുന്നത് കഠിനമായ ഉദ്യമമാണ്. വീഴ്ച്ച എളുപ്പം സംഭവിക്കാം. പക്ഷെ എഴുന്നേൽപ്പ് പ്രയാസകരമാണ്. നിന്റെ തെറ്റുകൾ പൊറുത്ത് തന്നിരിക്കുന്നുവെന്നതിന് പകരം കർത്താവ് 'നിന്റെ കിടക്ക എടുത്ത് നടക്കുകയെന്ന' വാക്കുകൾ സൂചിപ്പിച്ചു. പാപം രോഗത്തിന് കാരണമാകുന്നു. ഒരുപക്ഷെ അത് നമ്മെ നിരന്തരയാതനകൾക്ക് വിട്ട് കൊടുക്കുന്നതുമാണ്. എന്നാലും കരുണയുടെ നാഥന് രോഗത്തിന് കാരണമാകുന്നവയെ വീണ്ടും സൂചിപ്പിക്കുന്നതേയില്ല. 'മകനേ.'.എന്ന വിളിയോടെ അവനെ സമീപിക്കുന്നതും (empathaical aproach) പ്രസക്തമാണ്. അത് ഒറ്റപ്പെട്ട് പോയ ഒരാളെ ബലപ്പെടുത്തുന്ന വാക്കുകളായിരുന്നു.

**3) രൂപാന്തരപ്പെട്ട സമൂഹങ്ങൾ (Transformed society)**

ഏത് ജീർണ്ണതയിലും ചിലർ,ചിലർ മാത്രം രൂപാന്തരത്തിന്റെ ആത്മാവുമായ് ദൈവത്തിന്റെ കൈയ്യൊപ്പുള്ളവരായ് ഈ ലോകത്ത് ശേഷിക്കുന്നതാണ് നമ്മുടെ പുണ്യം. അതുകൊണ്ടാണല്ലോ നോഹയെപ്പൊലെയുള്ള ചില നീതിമാന്മാരുടെ പേരിൽ ദൈവം ലോകത്തോട് കരുണ കാട്ടുന്നത്. കഫർന്നഹൂമിലെ ആ *നാലുപേർ* ആ പക്ഷവാതക്കാരനെ ചുമന്ന് കൊണ്ട് വരുമ്പോൾ സംഭവിച്ചത് ഇതു തന്നെയാണ്. ചില ജീർണ്ണമായ ജനാധിപത്യ ഘടനകളെയാണ് സത്യത്തിൽ ഈ *നാൽവർ സംഘം* പൊളിച്ചെഴുതുന്നത്. സമൂഹത്തിൽ ഒറ്റപ്പെട്ടവന്, തമസ്സക്കരിക്കപ്പെട്ടവന് അവർ ജീവന്റെ വഴിയായി. അശരണർക്ക് ദൈവസന്നിധിയിലേക്കുള്ള പ്രവേശനത്തെ തടയുന്ന ആൾക്കൂട്ട ആത്മീയതയാണ് കാപട്യം. ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മോർ സേവേറിയോസ് തിരുമേനിയുടെ വാക്കുകൾ, പാവപ്പെട്ടവൻ അഞ്ചുരൂപാ കുടിശിഖ നൽകാനുണ്ടെങ്കിൽ അവന്റെ ആത്മീയാവശ്യങ്ങൾ മുടക്കുവാൻ മടിക്കാത്തവർ പള്ളിയിൽ കയറാത്തവരെയും അസന്മാർഗ്ഗികളെയും കുടിശിഖയുള്ളവരായി കണക്കാക്കത്തെന്തെന്ന് മനസ്സിലാകുന്നില്ല

കഫർന്നഹൂം സംഭവം ജീർണ്ണത ബാധിച്ച സമൂഹഗാത്രത്തിൽ രൂപാന്തരപ്പെട്ട സമൂഹത്തിന് ചെയ്യാവുന്ന ശുശ്രൂഷാ ദൗത്യത്തിന്റെ മാതൃകയാണ് . സമൂഹത്തിലെ ആൾക്കൂട്ടത്തിന്റെ ആത്മീയതക്കൊപ്പം ചുവട് വയ്ക്കുന്ന മതനേതാക്കളല്ല ഉത്തരാധുനീക കാലഘട്ടത്തിനാവശ്യം. സ്വന്തം മനസാക്ഷിയുടെ ആന്തരീകഭൂമികയിൽ ഉറച്ച് നിൽക്കാൻ പ്രാപ്തരാക്കുന്ന ഊർജ്ജമാണ് കഫർന്നഹൂമിലെ നാൽവർ സംഘം നമുക്ക് പകർന്ന് നൽകുക. ഈ സംഭവത്തിന്റെ വായനയ്ക്കും, പുനർവായനയ്ക്കും ശേഷം *നല്ല നാലുപേർ ഉണ്ടായിരുന്നെങ്കിൽ എന്ന്* ജീർണ്ണതയുടെ ഭൂമികയിലിരുന്ന് ഒരാൾ ആഗ്രഹിക്കുമ്പോൾ അറിയുക; *പക്ഷവാതക്കാരനെ ചുമന്ന നാലുപേർ പേരുകൊണ്ടല്ല,കർമ്മം കൊണ്ട് സ്മരിക്കപ്പെടുന്നു. ചരിത്രം പേരോർമ്മിക്കാത്ത അവരെ മറന്നാലും അവരുടെ കർമ്മം വിസ്മരിക്കപ്പെടുകയില്ല എന്ന മുന്നറിയിപ്പും ഈ വചനഭാഗം നൽകുന്നുണ്ട്.*

❑



Malabar Diocese ICON Excellence Award distributed in a meeting which presided by Fr Thomas Kurian Thazhayil, Diocesan secretary and inagurated by very Rev Varghese punnakombil Cor Episcopa,Working Committee member, in the presence of Rev Fr Joseph John, M C member, Rev Fr Varghese kurian, Council Member and Rev Fr Boby Peter, HREM director. Award distributed to 80 students of Malabar Diocese. Thanks to all well wishers behind this blessed service."In total scholarships distributed is INR 9.55 lakhs to 80 meritorious students studying from 11th grade up to graduation along with ICON Award Certificates."Kindly pray for the kind hearted people who came forward to generosity support this cause and the Volunteers.

## സഭാകേസുകൾ

### കത്തിപ്പാറത്തടം പള്ളി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക്

കൊച്ചി: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ പെട്ട സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയെ (കത്തിപ്പാറത്തടം പള്ളി, ഇടുക്കി) സംബന്ധിച്ച കേസ് കട്ടപ്പന സബ് കോടതി മലങ്കര ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി വിധിച്ചു.

6 വർഷമായി വാദം നടന്ന സിവിൽ കേസിനു തീർപ്പുകല്പിച്ചാണ് മുൻസിഫ് കോടതിയുടെ വിധി. യാക്കോബായ വിഭാഗത്തിന്റെ മുഴുവൻ അവകാശവാദങ്ങളും തള്ളി പഴുതടച്ചുള്ളതാണ് വിധി.

## പുസ്തകം




ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തെ മെനഞ്ഞെടുന്ന സനാതന ഹിന്ദു ധർമ്മത്തിലേക്ക് വെളിച്ചം പകരുന്ന പഠനം. ഹിന്ദുധർമ്മത്തെക്കുറിച്ച് നാമറിയേണ്ട കാര്യങ്ങൾ ക്രിസ്തുദർശനത്തിന്റെ  വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന ആധികാരിക ഗ്രന്ഥം. ദീർഘകാലത്തെ പഠനമനനങ്ങളിലൂടെ സെമിനാരി അധ്യാപകനായ ഗ്രന്ഥകാരൻ തയ്യാറാക്കിയ ഈ ഗ്രന്ഥം ഹിന്ദുധർമ്മത്തെക്കുറിച്ച് പഠിക്കുന്നവർക്ക് വിലപ്പെട്ട ഒരു പ്രവേശികയാണ്.

വില -100 രൂപ



## സാന്ത്വനം സഹായ പദ്ധതി

എം.ജി.ഓ.സി.എസ്.എം.മാവേലിക്കര മെത്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വലിയ നോമ്പിലെ ഗർബോ (കർത്താവ് കുഷ്ഠരോഗിയെ സുഖപ്പെടുത്തിയതിന്റെ) ഞായർ ആചരണത്തോടനുബന്ധിച്ച് നൂറനാട് കുഷ്ഠരോഗാശുപത്രിയിൽ വച്ച് സാന്ത്വനം സഹായ പദ്ധതി നടത്തപ്പെട്ടു. മെത്രാസന സഹായ മെത്രാപ്പോലീത്ത അഭി.ഡോ.അലക്സിയോസ് മാർ യൗസേബിയോസ് ഉദ്ഘാടനം ചെയ്തു. ആശുപത്രി അങ്കണത്തിൽ വച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ

എം.ജി.ഓ. സി.എസ്.എം മെത്രാസന വൈസ് പ്രസിഡൻറ് ഫാ. തോമസ് മാത്യു കൊറ്റമ്പള്ളി അധ്യക്ഷത വഹിച്ചു. ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന രോഗികളെ അഭി.തിരുമേനി സന്ദർശിക്കുകയും പ്രത്യേകം പ്രാർത്ഥന നടത്തുകയും ചെയ്തു.സാമുഹിക പ്രതിബദ്ധതയ്ക്കും ജീവകാരുണ്യ പ്രവർത്തനത്തിനും ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന എം.ജി.ഓ.സി.എസ്.എം മെത്രാസന നേതൃത്വത്തെ തിരുമേനി പ്രത്യേകം അഭിനന്ദിച്ചു. മെത്രാസന സെക്രട്ടറി ഫാ. എബി ഫിലിപ്പ്, എം.ജി.ഓ. സി.എസ്.എം മേഖല പ്രസിഡന്റ് ഫാ. റ്റി. റ്റി. തോമസ്, ഫാ. വി. തോമസ്, കേന്ദ്ര വൈസ് പ്രസിഡന്റ് പ്രൊഫ.വർഗീസ് പേരയിൽ,ബ്ലോക്ക് പഞ്ചായത്ത് അംഗം പി. പി. കോശി, മെത്രാസന പി.ആർ.ഓ വർഗീസ് പോത്തൻ, എം.ജി.ഓ. സി.എസ്.എം മെത്രാസന സെക്രട്ടറി നികിത് കെ സക്കറിയ, കിരൺ തോമസ്, മിറിൻ മാത്യു തുടങ്ങയവർ പങ്കെടുത്തു .തുടർന്ന് സ്നേഹവിരുന്നും നടത്തി.



സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിന്റെ വാര്ഷികത്തോടനുബബന്ധിച്ചു നടന്ന പൊതു സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ കെ. ഐ. ഫിലിപ്പ് റമ്പാനെ ആദരിക്കുന്നു.



ലോക വൃക്ക ദിനാചരണവും സൗജന്യ മെഡിക്കൽ ക്യാംപും പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഫാ. ഡേവിഡ് ചിറമേൽ ഉദ്ഘാടനം ചെയ്തു. തിരുവല്ല സി. ഐ. പി. ആർ. സന്തോഷ് മുഖ്യാതിഥിയായിരുന്നു.

## നിലയ്ക്കൽ ഭദ്രാസന മർത്തമറിയം സമാജം ഏകദിനധ്യാനം

റാന്നി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ വലിയനോമ്പിലെ എകദിന ധ്യാനം മാർച്ച് 15-ന് വെള്ളിയാഴ്ച രാവിലെ 9.30 മുതൽ അയിരൂർ, മതാപ്പാറ സെന്റ് തോമസ് വലിയപള്ളിയിൽ വച്ച് നടത്തപ്പെടും. സമാജം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. എബി വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന ധ്യാനയോഗം ഭദ്രാസനാധിപൻ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. തോമസ് തേക്കിൽ കോർ-എപ്പിസ്കോപ്പ ധ്യാനം നയിക്കും.



## എം ബി രാജേഷ് എം.പി. അട്ടപ്പാടി ആശ്രമം സന്ദർശിച്ചു

പാലക്കാട് എം. പി. എം ബി രാജേഷ് അട്ടപ്പാടി ആശ്രമവും സെന്റ് ജെംസ് സ്കൂളും സന്ദർശിച്ചു. ആശ്രമത്തിലും സ്കൂളിലും അദ്ദേഹത്തിന് ഊഷ്മളമായ സ്വീകരണം നൽകി. ഇതിനു മുമ്പും എം. പി ഈ സ്ഥാപനങ്ങൾ സന്ദർശിച്ചിട്ടുണ്ട്.



## ദശാബ്ദം പൂർത്തിയാക്കിയ ശ്രേഷ്ഠ ഇടയന് ഭദ്രാസനത്തിന്റെ ആദരവ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്തായായി പത്തു വർഷം പൂർത്തീകരിച്ച അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെ ആദരിച്ചു.

കൽക്കട്ടാ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കോട്ടയം വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ റവ. ഫാ. ഡോ. ജേക്കബ് കുര്യൻ മുഖ്യാതിഥിയായിരുന്നു. ഭദ്രാസന മിഷൻ സെക്രട്ടറി ഗീവറുഗീസ് റമ്പാൻ, ഭദ്രാസന സെക്രട്ടറി തോമസ് റമ്പാൻ, സഭാ മാനേജിങ്ങ് കമ്മിറ്റിയംഗം ഫാ. ജോസ് കെ. വർഗീസ്, മിഷൻ ട്രഷറർ ഫാ. അജു കെ. വർഗീസ്, വൈദിക സംഘം സെക്രട്ടറി ഫാ. കെ. ഐ. വർഗീസ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## മാർ ബസേലിയോസ് മൂവ്മെന്റ് കൺവൻഷൻ ഏപ്രിൽ 1 മുതൽ

കുവൈറ്റ്: സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ ആത്മീയ-ജീവകാരുണ്യപ്രസ്ഥാനമായ മാർ ബസേലിയോസ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കൺവൻഷനും ധ്യാനയോഗവും നടത്തപ്പെടുന്നു. പരിശുദ്ധ വലിയനോമ്പിനോടനുബന്ധിച്ച് ഏപ്രിൽ 1-ന് സാൽമിയ സെന്റ് മേരീസ് ചാപ്പലിലും, 2, 3, 4 തീയതികളിൽ അബ്ബാസിയ സെന്റ് ജോൺസ് മാർത്തോമാ ഹാളിലും വൈകിട്ട് 7 മണി മുതൽ കൺവൻഷനും, ധ്യാനയോഗവും നടക്കും.

കൺവൻഷനും ധ്യാനയോഗത്തിനും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊട്ടാരക്കര-പുനലൂർ ഭദ്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡണ്ട്, ശാലോം ടി.വി.യുടെ ദിവ്യസന്ദേശം പ്രൊഡ്യൂസർ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച റവ. ഫാ. ടൈറ്റസ് ജോൺ നേതൃത്വം നൽകും.



പാമ്പാടി എം.ഡി. എൽ.പി. സ്കൂൾ 140-ാമത് വാർഷികം


**News, Advertisements, Wishes Etc...**

**Contact** 8078914931

9446407503

Email:malankaranewsbulletin@gmail.com

Add Size:15 cm x 10 cm Half Page Jpeg / tif file